# ആമുഖം

### രചയിതാവ്

റോമാ ലേഖനത്തിന്റെ ദിവ്യ രചയിതാവ് പരിശുദ്ധാത്മാവാണ് (1 കൊരി. 2:4, 10, 13; 2 പത്രൊ. 1:21). ആത്മാവിനാൽ പ്രചോദിതനായ മനുഷ്യ ഗ്രന്ഥകർത്താവിന്റെ പേര് അദ്ധ്യായം 1:1 പരാമർശിക്കുന്നു: "ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് വിശുദ്ധരേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ്.'' ആണ് ഈ പുസ്തകം എഴുതിയിരിക്കുന്നത് എന്നത് നിഷേധിക്കുന്ന ഒരു യാഥാസ്ഥിതിക പണ്ഡിതനെയും എനിക്ക് അറിയില്ല. ഒരു പൗലൊസ് ഉണ്ടായിരുന്നുവെന്നും അദ്ദേഹം ചില ലേഖനങ്ങൾ എഴുതിയിരുന്നുവെന്നും റോമാ ലേഖനം അതിലൊന്നാണ് എന്നും വിമർശകർ പോലും സമ്മതിക്കുന്നുണ്ട്. ചാൾസ് ഹോഡ്ജിന്റെ നിർണ്ണയത്തിൽ, "ആധികാരികത ഇതിനേക്കാൾ കൂടുതൽ അസന്നിഗ്ധമായ ... മറ്റൊരു പുരാതന പുസ്തകവും ഈ ലോകത്തിലില്ല.''[1]

ഈ ലേഖനം തെർതോസ് എന്ന പേരുള്ള ഒരു പകർത്തിയെഴുത്തുകാരന് പൗലൊസ് വാമൊഴിയായി നൽകുകയായിരുന്നു; ലേഖനം അവസാനിക്കു ന്നതിന് മുൻപായി അദ്ദേഹം തന്റെ സ്വന്തം വന്ദനം ലേഖനത്തിൽ ചേർക്കുന്നുണ്ട് (16:22). ഫേബ എന്ന് പേരുള്ള ഒരു ക്രൈസ്തവ വനിതയാണ് ഒരു പക്ഷേ അത് റോമിലേക്ക് കൊണ്ടു പോയത് എന്ന് അനുമാനിക്കപ്പെടുന്നു (16:1, 2 കാണുക). അക്കാലത്ത് നമുക്ക് ഇന്നുള്ളതു പോലെ തപാലിന്റെ സേവനം ഉണ്ടായിരുന്നില്ല. ഭരണകർത്താക്കളുടെ കാര്യനിർവ്വഹണത്തിനായി ദൂതൻമാരുണ്ടായിരുന്നു; സാധാരണ ജനങ്ങളാകട്ടെ അവർക്ക് ചെയ്യുവാൻ കഴിയുന്നതിന്റെ പരമാവധി ചെയ്തു. കത്ത് അയയ്ക്കുന്നതിന് ആഗ്രഹിക്കുന്ന സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിരുന്ന സുഹൃത്തുക്കളോ പരിചിത വ്യക്തികളോ വഴിയായിട്ടാണ് അവർ കത്തുകൾ അയച്ചിരുന്നത്.

### ഗുണഭോക്താക്കൾ

ലേഖനത്തിന്റെ 1:7-ൽ ഈ ലേഖനം ആർക്കാണ് എഴുതപ്പെടുന്നതെന്ന് വ്യക്ത മാക്കപ്പെടുന്നു: ''റോമയിൽ ദൈവത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നതു.'' പൊതുവായി അംഗീകരിക്കപ്പെടുന്നു: ഈ ലേഖനം എഴുതപ്പെട്ടിട്ടുള്ളത് റോമിലുള്ള ക്രൈസ്തവർക്കാണ്. ഏറിയോ കുറഞ്ഞോ ക്രിസ്തീയ വിശ്വാസികളുടെ (ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ) ഒരു കൂട്ടമാണ് സഭ എന്നതിനാൽ, ഈ ലേഖനം എഴുതപ്പെട്ടിട്ടുള്ളത് റോമിലെ "സഭ" യ്ക്കാണ് – അല്ലെങ്കിൽ ആ നഗരത്തിലെ നിരവധി ''ഭവന സഭകൾ'' (ഇടവകകൾ) – ക്കാണ് (16: 3, 5 കാണുക). ഈ കമന്ററിയിലും മറ്റ് കൃതികളിലും ഈ ലേഖനം "റോമിലെ സഭ'' – യ്ക്ക് എഴുതപ്പെടുന്നതായി മിക്കപ്പോഴും പരാമർശിക്കുന്നത്, റോമിലെ നിവാസികളായിരുന്ന എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ളതാണെന്ന് പറയപ്പെടുന്നു.

**റോമിലെ സഭ**

ബ്രിട്ടൻ മുതൽ അറേബ്യ വരെ പരന്നു കിടന്ന മഹത്തായ റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ലോകത്തെ ഏറ്റവും വലിയ നഗരമായിരുന്ന റോം. യുഎസ്-ൽ താമസിക്കുന്നവർ അതിനെ ഇന്നത്തെ ന്യൂയോർക്ക് നഗരമായി പരിഗണിച്ചേക്കാം. അത് ഇംഗ്ലണ്ടിന് ''ലണ്ടൻ'' പോലെയും ജപ്പാന് ''ടോക്കിയോ'' പോലെയും ആയിരുന്നു. റോമിന്റെ പ്രതാപ കാലത്ത്, അത് ലോകത്തിന്റെ തന്നെ രാഷ്ട്രീയപരമായതോ സാമ്പത്തികപരമായതോ സാമൂഹികപരമായതോ ആയ സിരാകേന്ദ്രമായി പരിഗണിക്കപ്പെടുമായിരുന്നു. പൗലൊസിന്റെ കാലത്ത് ''എല്ലാ വഴികളും റോമിലേക്ക്'' എന്നൊരു ചൊല്ല് പോലും ഉണ്ടായിരുന്നു. റോമർക്കുള്ള ലേഖനം എഴുതുമ്പോൾ, നീറോ ആയിരുന്നു സിംഹാസനത്തിൽ. റോമൻ സാമ്രാജ്യം അതിന്റെ മഹത്വത്തിലും ശക്തിയിലും ഉച്ചകോടിയുടെ സമീപ മെത്തിയിരുന്നു.

റോമിൽ എങ്ങനെ അല്ലെങ്കിൽ എപ്പോൾ സഭ സ്ഥാപിക്കപ്പെട്ടു എന്നത് ഇപ്പോഴും നമുക്ക് അവ്യക്തമാണ്. കത്തോലിക്കാ സഭ വിശ്വസിക്കുന്നത് അവിടെ പത്രൊസ് സഭ സ്ഥാപിച്ചുവെന്നും അദ്ദേഹത്തിന്റെ മരണം വരെ ഇരുപത്തിയഞ്ചോളം വർഷങ്ങൾ അതിന്റെ ബിഷപ്പ് ആയി സേവനമനുഷ്ഠിച്ചുവെന്നുമാണ്. സഭയുടെ ഉൽഭവ സമയത്ത് പത്രൊസ് റോമിലുണ്ടായിരുന്നുവെന്നതിന് തെളിവൊന്നു മില്ലാതിരിക്കുമ്പോൾ തന്നെ, ഈ വിശ്വാസത്തിന് കടകവിരുദ്ധമായി നിരവധി തെളിവുകളുണ്ടു താനും. ഉദാഹരണമായി, റോമാ ലേഖനത്തിന്റെ അന്ത്യത്തിൽ, റോമിൽ തനിക്ക് പരിചിതരായ എല്ലാവരെയും പൗലൊസ് അഭിവാദനം ചെയ്യുമ്പോൾ (16:3-15), അദ്ദേഹം പത്രൊസിന്റെ പേര് പരാമർശിക്കുന്നില്ല - എന്നാൽ അദ്ദേഹം പത്രൊസിനെ നിരവധി പ്രാവശ്യം കണ്ടിരുന്നു (അപ്പൊ. പ്ര. 15:7, 12; ഗലാ. 1:18; 2:7-9, 11-21). തന്റെ ആദ്യ കാരാഗൃഹ വാസത്തിനിടയിൽ പൗലൊസ് റോമിൽ നിന്ന് എഴുതുന്ന ലേഖനങ്ങളിൽ (എഫേസ്യർ, ഫിലിപ്യർ, കൊലൊസ്യർ, ഫിലേമോൻ) അല്ലെങ്കിൽ അദ്ദേഹത്തിന്റെ രണ്ടാമത്തെ കാരാഗൃഹ വാസത്തിനടയിൽ റോമിൽ നിന്ന് എഴുതുന്ന ലേഖനത്തിൽ (2 തിമൊ.), പത്രൊസിനെ പരാമർശിക്കുന്നില്ല.

എന്താണ് സംഭവിച്ചത് എന്ന് പറയുന്നതിനായി, ചരിത്രപരമായ വസ്തുതകളെ അവലോകനം ചെയ്താൽ മതിയാകും. റോമിൽ വലിയൊരു വിഭാഗം യഹൂദ ജനം ഉണ്ടായിരുന്നു. റോമൻ ജനറൽ ആയിരുന്ന പോംപ ി യഹൂദ രാഷ്ട്രത്തെ കീഴടക്കുകയും അധീനമാക്കുകയും ചെയ്തപ്പോൾ, നിരവധി യഹൂദ തടവുകാരെ റോമിലേക്ക് അടിമകളായി അയച്ചു എന്നാൽ, മോശയുടെ നിയമം കർക്കശമായി പാലിക്കുന്ന അവരെ, അടിമകളുടെ ഗണത്തിൽ പെടുത്തുന്നതിന് സാദ്ധ്യമല്ലാതെ വന്നു. ഒടുവിൽ, അവരുടെ ഉടമകൾ അവരിൽ നിരവധി പേരെ സ്വതന്ത്രരാക്കുകയും തിബയ്യ്യാസ് നദിക്ക്[2] അപ്പുറത്തായി അവർക്ക് ഒരു വാസ സ്ഥാനം നൽകുകയും ചെയ്തു. ഈ സ്ഥലം മാന്യല്ലാത്തതല്ലായിരുന്നുവെങ്കിലും, യഹൂദൻമാർ അവിടെ അഭിവൃദ്ധിപ്പെട്ടു.

റോമിൽ നിന്ന് യഹൂദൻമാർ അപ്പൊ. പ്ര. 2:10-ൽ വിവരിക്കുന്ന യഹൂദ പെന്തിക്കൊസ്ത് ഉൽസവത്തിനായി യെരുശലേമിലേക്ക് യാത്ര ചെയ്തിരുന്നു. ഒരു പക്ഷേ അവരിൽ ചിലർ സഭ ചിതറിപ്പോയതിന് ശേഷം (അപ്പൊ. പ്ര.

8:1), അവർ സുവിശേഷവുമായി റോമിലേക്ക് മടങ്ങുകയും ചെയ്തിരിക്കാം. ക്രൈസ്തവർ ചിതറിപ്പോകുന്നതിന് മുൻപ്, അപ്പൊസ്തലൻമാർ തിരഞ്ഞെടുത്ത ചിലർക്ക് കൈവെപ്പ് നൽകുകയും (അപ്പൊ. പ്ര. 8:17, 18 കാണുക) സ്വയമായി പ്രവർത്തി ക്കുന്നതിന് അവരെ സഹായിക്കാവുന്ന അത്ഭുത കരമായ ജ്ഞാനം അവർക്ക് നൽകുകയും ചെയ്തിരിക്കുന്നതിനു പോലും സാദ്ധ്യതയുണ്ട്. ഈ അത്ഭുതകരമായ ജ്ഞാനം പരന്നതിന്റെ ഒരു വഴി, പ്രവചന വരം ഉണ്ടായിരുന്നവരിലൂടെയോ ദൈവപ്രചോദിതമായ വചനം പങ്കിടുന്ന തിലൂടെയോ ആയിരുന്നു (12:6).

മറ്റൊരു സാദ്ധ്യത, പൗലൊസിന്റെ ശുശ്രൂഷയിലൂടെ സൂപ്ക്കല്ലകർ ചിലർ, റോമിലേക്ക് യാത്ര ചെയ്യുകയും അവിടെ സഭ സ്ഥാപിക്കുകയും ചെയ്തു എന്നതാണ് (16:3–15-ൽ പൗലൊസിന് പരിചിതരായ വ്യക്തികളുടെ പേരുകൾ കാണുക). നഗരത്തിലേക്കും അവിടെ നിന്ന് തിരിച്ചും നിരന്തരം ആളുകൾ യാത്ര ചെയ്തു കൊണ്ടിരുന്നു. ഈ യാത്രക്കാരിൽ പൗലൊസിന്റെ ശുശ്രൂഷയിലൂടെ സൂപ്ക്കല്ലഷപ്പെട്ടവരിൽ ഒട്ടേറെപ്പേർ ഉണ്ടായിരുന്നുവെ ന്നതിന് യാതൊരു സംശയവുമില്ല. പൗലൊസ് അവരിൽ ചിലർക്ക് കൈവെപ്പ് നൽകുകയും (അപ്പൊ. പ്ര. 19:1–7 കാണുക) അവർ അത്ഭുതങ്ങൾ പ്ര വർത്തിക്കുന്നതിനുള്ള കഴിവ് പ്രാപിക്കുകയും ചെയ്തിട്ടുണ്ടായിരു ന്നിരിക്കാം.

റോമിൽ സഭ സ്ഥാപിതമായത് എങ്ങനെയായാലും എപ്പോഴായാലും, എഡി 49 അല്ലെങ്കിൽ 50-ൽ തന്നെ ഈ നഗരത്തിന് ക്രിസ്തു പരിചിതന ായിക്കഴിഞ്ഞി രുന്നുവെന്നാണ് ഒരു രേഖ സൂചിപ്പിക്കുന്നത്. ഡി. ഡി. വെഡന്റെ അഭിപ്രായത്തിൽ ''ഒരു *ക്രെസ്റ്റസ്*-ൽ (വ്യക്തമായും ക്രിസ്തു എന്ന പേരിന്റെ പരിഷ്കരിച്ച രൂപം) നിന്ന്കുഴപ്പങ്ങളുണ്ടാകുന്നു എന്ന വാർത്ത ലഭിച്ചിരുന്ന നഗര ഭരണാധികാരികളുടെ ശ്രദ്ധയാകർഷിക്കുന്ന വിധത്തിൽയഹൂദർക്കിടയിൽആവേശമുണർന്നു'' (എഡി 50-ഓടെ).[3] എഡി 50-കളുടെ മദ്ധ്യം മുതൽ അവസാനം വരെ, പൗലൊസ് റോമാ ലേഖനം എഴുതുന്ന സമയത്ത് സഭ ജീവസ്സുറ്റതും സജീവവുമായിരുന്നു (1:8).

**യഹൂദരോ ജാതികളോ**

താൽപര്യമുണർത്തുന്ന ഒരു ചോദ്യം റോമിലെ സഭ, മുഖ്യമായും യഹൂദ സമൂഹമായിരുന്നുവോ പ്രാഥമികമായും ജാതികൾ ഉൾക്കൊള്ളുന്നതായിരു ന്നുവോ അല്ലെങ്കിൽ രണ്ടിന്റെയും മിശ്രണമായിരുന്നുവോ എന്നതാണ്. ലേഖനത്തിന്റെ പ്രാരംഭത്തിൽ പൗലൊസ് സംബോധന ചെയ്യുന്നത് ജാതികളെയാണ്. എങ്കിലും മറ്റ് ഖണ്ഡികകൾ യഹൂദരെ ഉദ്ദേശിച്ചുള്ളതാണ്. ഉദാഹരണമായി, പൗലൊസ് എഴുതി ''നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ... എനിക്കു ശേഷം ജാതികളിൽ എന്നപേ ാലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന്നു'' (1:13; കാണുക 15:15, 16) പൗലൊസ് എഴുതി: ''നീയോ യെഹൂദൻ എന്നു പേർകൊണ്ടും ന്യായപ്ര മാണത്തിൽ ആശ്രയിച്ചും ...'' എന്നിട്ട് അതിനോട് കൂട്ടിച്ചേർക്കുന്നു: ''നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു'' (2:17, 24; കാണുക 4:1). രണ്ട് വ്യക്തികൾ തൊട്ടു മുൻപിൽ നിൽക്കുന്ന ഒരാളുമായി ഈ സാഹചര്യത്തെ താരമത്യപ്പെടുത്താവുന്നതാണ്. ചിലപ്പോൾ അയാൾ തന്റെ അഭിപ്രായങ്ങൾ ഒന്നാമത്തെ വ്യക്തിയെ അഭിസംബോധന ചെയ്തു കൊണ്ട് പ്രകടിപ്പിക്കുന്നു, മറ്റു ചിലപ്പോഴാകട്ടെ അയാൾ തന്റെ അഭിപ്രായങ്ങൾ

രണ്ടാമത്തെ വ്യക്തിയെ അഭിസംബോധന ചെയ്തു കൊണ്ട് പ്രകടിപ്പിക്കുന്നു.

സഭയിൽ ജാതികളും യഹൂദരുമായ അംഗങ്ങൾ ഉണ്ടായിരുന്നുവെന്ന വസ്തുതയ്ക്ക് പ്രാധാന്യമുണ്ടായിരിക്കുമ്പോൾ തന്നെ, കൃത്യമായ ശതമാന ക്കണക്കുകൾ അപ്രസക്തമാണ്. റോമിലെ സഭയിൽ യഹൂദരായ അംഗങ്ങ ളേക്കാൾ കൂടുതൽ ജാതികളായ അംഗങ്ങൾ ഉണ്ടായിരുന്നിരിക്കാം. ക്ലോഡിയസ് ചക്രവർത്തി എഡി 49 അല്ലെങ്കിൽ 50 (കാണുക അപ്പോ. പ്ര. 18:2) യഹൂദരെ റോമിൽ നിന്ന് പുറത്താക്കിയിരുന്നു. ഇതിൽ ഒരു പക്ഷേ യഹൂദ ക്രൈസ്തവരും ഉൾപ്പെട്ടിരുന്നിരിക്കാം - ഇത് റോമാ സഭയിൽ ജാതികളായ ക്രൈസ്തവരെ മാത്രം അവശേഷിപ്പിച്ചിട്ടുണ്ടാകാം. എഡി 54-ൽ ക്ലോഡിയസ് മരണമടഞ്ഞ പ്പോൾ, ഈ യഹൂദർക്കെതിരേയുള്ള ഈ വിലക്ക് നീങ്ങിപ്പോകുകയും പുറത്താക്ക പ്പെട്ടവരിൽ ചിലർ മടങ്ങി വരികയും ചെയ്തു (16:3); എന്നാൽ അപ്പോഴേക്കും സഭ പ്രബലമായും ജാതികളുടെ സാന്നിദ്ധ്യത്താൽ നിറഞ്ഞിരുന്നു.

ഇത്തരമൊരു അന്തിമ നിഗമനം, പൗലൊസ്, ലേഖനത്തിന്റെ തുടക്കത്തിൽ (1:13) ജാതികളെ സംബോധന ചെയ്യുന്നതിന്റെ പ്രസക്തിയോട് യോജിക്കുന്നുണ്ട്. കൂടുതലായി, 16:3-15-ൽ നൽകിയിട്ടുള്ള ഇരുപത്തിയാറ് പേ രുകളിൽ ഏതാനും ചിലത് മാത്രമേ സവിശേഷമായും യഹൂദ നാമങ്ങളായുള്ളു എന്ന വസ്തുത വിശദീകരിക്കുന്നതിന് അത് സഹായിക്കും.[4] ഇതിനും പുറമേ, അപ്പോ. പ്ര. 28:17-22 സൂചിപ്പിക്കുന്നത്, പൗലൊസിന്റെ റോമിലെ കാരാഗൃഹ വാസത്തിന് മുൻപ് അവിടെ യഹൂദരുടെ ഇടയിൽ സുവിശേഷീകരണം പരിമിതമായിരുന്നുവെന്നാണ്.

### റോമിലെ സഭയുമായി പൗലൊസിനുള്ള ബന്ധം

റോമിലെ സഭയുമായി പൌലൊസിനുള്ള ബന്ധത്തെക്കുറിച്ച് ചിലർക്ക് വ്യക്തമായ ഒരു ധാരണയില്ല. പത്രൊസ് (കത്തോലിക്കാ വിശ്വാസമന ുസരിച്ച് അവരുടെ ആദ്യത്തെ പോപ്പ് ആയി പരിഗണിക്കുന്നതിനാൽ) അവിടെ ഉള്ളപ്പോൾ (അവരുടെ അവകാശവാദ പ്രകാരം), പൗലൊസ് ഒരു കത്ത് അയയ്ക്കുന്നതിന് എന്ത് അധികാരമാണുള്ളത് എന്ന് കത്തോലിക്കാ വിശ്വാസം പിന്തുടരുന്നവർ ആശ്ചര്യം കൂറുന്നു. അവിശ്വാസികൾ ചോദിക്കും, "പൗലൊസ് മറ്റുള്ളവരേക്കാൾ വ്യത്യസ്തനല്ലാതിരിക്കെ, അത്തരമൊരു ലേഖനം എഴുതുന്നതിന് പൗലൊസിന് എന്ത് അവകാശമാണുള്ളത്?" തന്റെ വിശ്വാസത്തിന്റെ ആധികാരികതയായി വേദപുസ്ത കത്തെ സ്വീകരിക്കുന്നവർക്ക്, റോമിലെ സഭയുമായുള്ള പൗലൊസ്-ന്റെ ബന്ധം മനസ്സിലാക്കുന്നതിൽ യാതൊരു പ്രശ്നവുമില്ല. ക്രിസ്തു പൗലൊസിനെ ജാതികളുടെ അപ്പൊസ്തലന ായി നിയോഗിച്ചിട്ടുണ്ടായിരുന്നു (അപ്പൊ. പ്ര. 26:16-18; ഗലാ. 2:7, 8). ജാതികളുടെ നഗരങ്ങളിലേക്ക് പൗലൊസിന്റെ ശ്രദ്ധ തിരിയുന്നതിന് ഏറെ സമയം വേണ്ടി വന്നില്ല (കാണുക 1:5, 9-11).

## എഴുത്തിന്റെ സ്ഥലവും തീയതിയും

### കാലഗണനാപരമായ ഒരു പൊതുനിരീക്ഷണം

റോമാ ലേഖനം എഴുതിയത് എവിടെ വെച്ചാണെന്നും എന്നാണെന്നും കൃത്യമായി കണ്ടെത്തുന്നതിനായി കാലഗണനാപരമായ ഒരു പൊതുനിരീ

ക്ഷണം സഹായിക്കും. ഈ പൊതുനിരീക്ഷണം പൗലൊസിന്റെ മൂന്നാം പ്രേഷിത യാത്രയിൽ നിന്ന് ആരംഭിക്കും. ഗലാത്യയും ഫ്രൂർഗിയയും സന്ദർശിച്ചതിന് ശേഷം, അദ്ദേഹം എഫെസൊസിലേക്ക് വന്നു (അപ്പോ. പ്ര. 18:23; 19:1). അവിടെയായിരിക്കുമ്പോൾ റോമിലേക്ക് പോകുന്നതിന് അദ്ദേഹം പദ്ധതിയിട്ടു. "ഇതു കഴിഞ്ഞിട്ടു പൗലൊസ് മക്കെദോന്യയിലും അഖായയിലുംകൂടി കടന്നു യെരൂശലേമിലേക്കും പോകേണം എന്നു മനസ്സിൽ നിശ്ചയിച്ചു: ഞാൻ അവിടെ ചെന്നശേഷം റോമയും കാണേണം" എന്നു പറഞ്ഞു (അപ്പോ. പ്ര. 19:21).

എഫെസൊസിൽ പ്രശ്നങ്ങൾ ഉയർന്നതിന് ശേഷം (അപ്പോ. പ്ര. 19:23–41), പൗലൊസ് മാസിഡോണിയയിലേക്ക് പോയി (അപ്പോ. പ്ര. 20:1). അവിടെയാണ് അദ്ദേഹം വേനൽക്കാലവും ഗ്രീഷ്മവും ചെലവഴിച്ചത്. അതിന് ശേഷം, അദ്ദേഹം ഗ്രീസിലേക്ക് പോയി – പ്രത്യേകിച്ചും കൊരിന്ത്യയിലേക്ക് – ശിശിര കാലത്ത് മൂന്ന് മാസത്തേക്ക് (അപ്പോ. പ്ര. 20:2, 3; കാണുക 1 കൊരി. 16:6). കൊരിന്ത്യയിൽ നിന്ന് യെരുശലേമിലുള്ള ദരിദ്രരായ ക്രൈസ്തവർക്ക് ഒരു സഹായനിധിയുമായി അദ്ദേഹം അവിടേക്ക് പോയി (അപ്പൊ. പ്ര. 20:3, 16; 24:17; കാണുക 1 കൊരി. 16:1–4).

**കൊരിന്ത്യയിൽ നിന്ന് - ഏകദേശം എഡി 57 അല്ലെങ്കിൽ 58**

കൊരിന്ത്യയിലെ മൂന്ന് മാസത്തെ താമസത്തിനിടയിലാണ് റോമാ ലേഖനം പൗലൊസ് എഴുതിയത് എന്ന് ഭൂരിഭാഗം എഴുത്തുകാരും സമ്മതിക്കുന്നുണ്ട്. കൂടുതലായി, ഈ രചയിതാക്കൾ കൊരിന്ത്യയിലെ ഈ താമസത്തിന്റെ കാലയളവ് എഡി 57 അല്ലെങ്കിൽ 58 – നോടടുത്തായി കാലനിർണ്ണയം ചെയ്യുന്നു. റോമാ ലേഖനം പൗലൊസ് എഴുതിയത് കൊരിന്ത്യയിലെ തന്റെ താമസത്തിന്റെ അന്ത്യ ഘട്ടത്തിലാണെന്ന അന്തിമ നിഗമനം, 15:25–28–ൽ പരാമർശിക്കുന്ന പൗലൊസിന്റെ പദ്ധതികളുമായി യോജിക്കുന്നുണ്ട്:

> ഇപ്പോഴോ ഞാൻ വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്‌വാൻ യെരൂശലേമിലേക്കു യാത്രയാകുന്നു. യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി.അവർക്കു ഇഷ്ടം തോന്നി എന്നു മാത്രമല്ല, അതു അവർക്കു കടവും ആകുന്നു; ജാതികൾ അവരുടെ ആത്മികനന്മകളിൽ കൂട്ടാളികൾ ആയെങ്കിൽ ഐഹികനന്മകളിൽ അവർക്കു ശുശ്രൂഷ ചെയ്‌വാൻ കടമ്പെട്ടിരിക്കുന്നുവല്ലോ. ഞാൻ അതു നിവർത്തിച്ചു ഈ ഫലം അവർക്കു ഏല്പിച്ചു ബോദ്ധ്യം വരുത്തിയശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്കു പോകും.

റോമാ ലേഖനത്തിന്റെ സമാപനത്തോടടുത്ത് പരാമർശിക്കപ്പെടുന്ന മൂന്ന് വ്യക്തികളുടെ പേരുകൾ ഈ അന്തിമ നിഗമനത്തെ അരക്കിട്ടുറപ്പിക്കുന്നു. ആദ്യത്തെ പേര്, റോമർക്കുള്ള എഴുത്ത് റോമിലേക്ക് കൊണ്ടുപോയെന്ന് കരുതാവുന്ന ഫേബെയുടേതാണ്: "നമ്മുടെ സഹോദരിയും കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തിയുമായ ഫേബയെ നിങ്ങൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം കർത്താവിന്റെ നാമത്തിൽ കൈക്കൊണ്ടു, അവൾക്കു നിങ്ങളുടെ സഹായം വേണ്ടുന്ന ഏതു കാര്യത്തിലും

സഹായിക്കേണ്ടതിന്നു ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു'' (16:1). കെംക്രെയ കൊരിന്തിന്റെ കിഴക്കൻ തുറമുഖം ആയിരുന്നു. മറ്റ് രണ്ട് വ്യക്തികളെ 16:23-ൽ പരാമർശിക്കുന്നു. ''എനിക്കും സർവ്വസഭെക്കും അതിഥിസൽക്കാരം ചെയ്യുന്ന ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു.'' പട്ടണത്തിന്റെ ഭണ്ഡാരവിചാരകന ായ എരസ്തൊസും സഹോദരനായ എരസ്തോസും (പ്രവൃത്തികൾ 19:22 കാണുക) നിങ്ങളെ വന്ദനം ചെയ്യുന്നു. കൊരിന്ത്യയിൽ വെച്ച് ഗായൊസ് എന്ന് പേരുള്ള ഒരു വ്യക്തിക്ക് പൗലൊസ് സ്നാനം നൽകിയിട്ടുണ്ടായിരുന്നു (1 കൊരി. 1:14). 2 തിമോ. 4:20-ൽ എരസ്തോസ്എന്ന് പേരുള്ള ഒരു സഹോദരനെക്കുറിച്ചുള്ള പരാമർശമുണ്ട്. ഈ ഗ്രന്ഥത്തിൽ പിന്നീട് വരുന്ന ഒരു ഭാഗത്ത്, പുരാതന കൊരിന്ത്യയുടെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് കണ്ടെത്തപ്പെട്ട ഒരു ലിഖിതത്തിൽ, എരസ്തോസ് എന്ന് പേരുള്ള ഒരു നഗര ഭരണ സമിതി ഉദ്യോഗസ്ഥനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

## കാലഗണനാപരമായ പൊതുനിരീക്ഷണം തുടരുന്നു

പൗലൊസിന്റെ യാത്രകളെ കുറേക്കൂടി അടുത്തറിയുന്നത്, റോമർക്ക് ലേഖനം എഴുതുന്ന സമയത്ത് അപ്പൊസ്തലനായ പൗലൊസിന്റെ വിചാരധാരയെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നമുക്ക് ലഭിക്കുന്നതിന് സഹായിക്കും. യെരുശലേമിലേക്കുള്ള യാത്രയിൽ, പൗലൊസ് എഫെസൊസിലെ മൂപ്പൻമാരു മായി കൂടിക്കാണുന്നുണ്ട് (അപ്പൊ. പ്ര. 20:17, 18). അദ്ദേഹം അവരോട് പറഞ്ഞു,

> ഇപ്പോൾ ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്കു പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവു പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ള ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു (അപ്പൊ. പ്ര. 20:22-24).

അപ്പൊ. പ്ര. 21-ൽ, പരിശുദ്ധാത്മാവ് "എന്താണ് പട്ടണം തോറും സാക്ഷ്യം പറയുന്നതെന്ന്" കാണുന്നു (അപ്പൊ. പ്ര. 20:23). പൗലൊസ് കൈസര്യയിൽ എത്തിച്ചേർന്നപ്പോൾ, യഹൂദയിൽ നിന്നുള്ള ഒരു പ്രവാചകൻ പൗലൊസിന്റെ അരപ്പട്ട കൊണ്ട് സ്വന്തം കൈകാലുകൾ കെട്ടിയ ശേഷം ഇങ്ങനെ പറയുന്നു, "ഈ അരക്കച്ചയുടെ ഉടമസ്ഥനെ യെഹൂദന്മാർ യെരൂശലേമിൽ ഇങ്ങനെ കെട്ടി ജാതികളുടെ കയ്യിൽ ഏല്പിക്കും എന്നു പരിശുദ്ധാത്മാവു പറയുന്നു എന്നു പറഞ്ഞു" (അപ്പൊ. പ്ര. 21:11). കൂടിയിരുന്നവർ പൗലൊസിനോട് യെരുശലേമിലേക്ക് പോകരുത് എന്ന് കെഞ്ചിയെങ്കിലും, അദ്ദേഹം മറുപടി നൽകുന്നു, ''കർത്താവായ യേശുവിന്റെ നാമത്തിന്നു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരൂശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു" (അപ്പൊ. പ്ര. 21:12, 13). ഈ വചനഭാഗങ്ങൾ വായിക്കുന്ന ഒരു വ്യക്തിയ്ക്ക് ലഭിക്കുന്ന ധാരണ, എന്നെങ്കിലും റോമിൽ എത്തിച്ചേരുന്നതിനുള്ള സാദ്ധ്യതയില്ലെന്ന് പൗലൊസ് കരുതി എന്നാണ്. എന്നാൽ, റോമാ ലേഖനം 15-ാം അദ്ധ്യായത്തിൽ,

സ്പെയിനിലേക്ക് പോകുന്ന വഴിയിൽ റോമിലൂടെ കടന്നു പോകുന്നതിനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. പൗലൊസ് റോമാ സഭയ്ക്ക് ലേഖനം എഴുതുന്നതിന്റെ ഉദ്ദേശ്യം പഠന വിധേയമാക്കുമ്പോൾ, പൗലൊസിന്റെ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടാകാതിരിക്കാനുള്ള സാദ്ധ്യത നാം ഓർമ്മിക്കേണ്ട താണ്.

പൗലൊസിനെ യെരുശലേമിലേക്ക് തടവുകാരനായി പിടിച്ചതിന് ശേഷം (അപ്പൊ. പ്ര. 21:33), കർത്താവ് അദ്ദേഹത്തിന് പ്രത്യക്ഷനായി പറഞ്ഞു: “ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ചു യെരൂശലേമിൽ സാക്ഷീകരിച്ചതു പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു” (അപ്പൊ. പ്ര. 23:11). ഒരു പക്ഷേ, റോമിലേക്ക് പോകുന്നതിനുള്ള തന്റെ ആഗ്രഹം സഫലീകൃതമാകുമെന്ന് പൗലൊസിന് ലഭിക്കുന്ന ആദ്യത്തെ ഉറപ്പാകാം ഇത്. നിരവധി വർഷങ്ങൾക്ക് ശേഷം, പൗലൊസ് റോമിൽ എത്തുക തന്നെ ചെയ്തു (അപ്പൊ. പ്ര. 28:16) – പൗലൊസ് പദ്ധതിയിട്ടിരുന്നതു പോലെ ഒരു സുവിശേഷകനായിട്ടല്ല, മറിച്ച് വിചാരണ നേരിടുന്ന ഒരു തടവുപുള്ളിയായി. അദ്ദേഹത്തെ കപ്പലിൽ റോമിലേക്ക് കൊണ്ടു പോയത് സർക്കാർ ചെലവിലായിരുന്നു.

## ശൈലി

റോമർക്കെഴുതിയ ലേഖനം ഒരു കത്താണെങ്കിലും അത് ഒരു സാധാരണ കത്ത് അല്ല. ഒരു പ്രബന്ധത്തിന്റെ ഉൾക്കാമ്പുള്ള ഒരു കത്തായോ ഒരു കത്തിൽ പൊതിഞ്ഞ ഒരു പ്രബന്ധമായോ അതിനെ പരിഗണിക്കാവുന്നതാണ്. അത് ഒരു എഴുത്താണ്, കാരണം അത് അന്നത്തെക്കാലത്തെ ആശയവിനിമയത്തിന്റെ രൂപം പിന്തുടരുന്നു – തുടക്കത്തിലെ ഒരു അഭിവാദനത്തോടെയും (1:1–7) സമാപന അഭിവാദനങ്ങളോടെയും (16:1–24). തെർതൊസ്, പൗലൊസിന്റെ കേട്ടെഴുത്തു കാരൻ, ഇതിന്റ ഉള്ളടക്കത്തെ ഒരു “കത്ത്” (16:22) ആയി പരാമർശിക്കുന്നുണ്ട്. അതേ സമയം, ഒരു വിഷയത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതിനുള്ള ഒരു ഔപചാരിക സമീപനമായ ഒരു പ്രബന്ധവും കൂടിയാണ് അത്.

## പുതിയ നിയമത്തിൽ സ്ഥാനം നൽകൽ

### പൗലൊസിന്റെ എഴുത്തുകളിൽ ഒന്നാമതായി അത് സ്ഥാനം പിടിച്ചതെന്തു കൊണ്ടാണ്?

അപ്പൊസ്തല പ്രവർത്തികൾക്ക് ശേഷം തൊട്ടടുത്തതായി, എന്തു കൊണ്ടാണ് റോമാ ലേഖനത്തെ പൗലൊസിന്റെ ആദ്യത്തെ ലേഖനമായി കാണുന്നത്? പൗലൊസ് എഴുതിയ ആദ്യ ലേഖനം അല്ലായിരുന്നു റോമർക്ക് എഴുതിയ ലേഖനം. അതിന് മുൻപ്, അദ്ദേഹം തെസ്സലൊനിക്യർ 1–ഉം 2–ഉം, കൊരിന്ത്യർ 1–ഉം 2–ഉം, ഗലാത്യർ എന്നിവ എഴുതിയിട്ടുണ്ടായിരുന്നു. റോമർ അദ്ദേഹത്തിന്റെ ആറാമത്തെ എഴുത്തായിരുന്നു – ഏറ്റവും കുറഞ്ഞത് അദ്ദേഹത്തിന്റെ ആറാമത്തെ ലേഖനം നമുക്കായി സുരക്ഷിതമാക്കപ്പെട്ടു. പിന്നെ എന്തിന് അത് ആദ്യം സ്ഥാനം പിടിച്ചു? ചിലർ വിശ്വസിക്കുന്നത്, അദ്ദേഹത്തിന്റെ കത്തുകളിൽ ഏറ്റവും ദീർഘമേറിയത് ആയതു കൊണ്ടാണ് അതിന് ആദ്യത്തെ സ്ഥാനം തന്നെ നൽകിയിരിക്കുന്നത് എന്നാണ്[5]; എന്നാൽ ദൈർഘ്യം മാത്രമായിരുന്നില്ല കാരണം. റോമർക്കെഴുതിയ ലേഖനം

പൗലൊസിന്റെ ഏറ്റവും ഉൽകൃഷ്ടമായ രചനയാണെന്ന് പൊതുവായി സമ്മതിക്കപ്പെടുന്ന ഒരു വസ്തുതയാണ്. റോമർക്ക് എഴുതിയ ലേഖനത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം കൈകാര്യം ചെയ്യുന്നതിന് തയ്യാറായി (പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിന് കീഴിൽ) തന്റെ ബൗദ്ധികവും ആത്മികവുമായ ശേഷിയുടെ കൊടുമുടിയിലായിരുന്നു, അപ്പൊസ്തലൻ.

റോമാ ലേഖനം യുക്തിപരമായി അപ്പൊലസ്ത പ്രവർത്തികളെ പിന്തുടരുന്നു. ഡേവ് മില്ലർ അത് ഇങ്ങനെ എഴുതുന്നു: "അപ്പൊ. പ്രവർത്തികൾ രക്ഷയ്ക്കു വേണ്ടിയുള്ള വ്യവസ്ഥകൾ നൽകുന്നു; റോമർ രക്ഷയ്ക്കായുള്ള പശ്ചാത്തലം നൽകുന്നു. റോമർ എഴുതിയത് നിങ്ങൾ എന്തു ചെയ്യണം എന്ന് നിർദ്ദിഷ്ടമായി പറയുന്നതിന് വേണ്ടിയല്ല. അപ്പോ. പ്രവർത്തികൾ നിങ്ങളോട് 'എന്ത്' എന്ന് പറയുന്നു; റോമർ നിങ്ങളോട് 'എങ്ങനെ' – 'യെന്നും' എന്തു കൊണ്ട് എന്നും പറയുന്നു."[6]

**ഇത് കാനോനിൽ ഉൾപ്പെടുന്നുണ്ടോ?**

"കാനോൻ" എന്ന വാക്കിന്റെ ഉൽഭവം കാനോൻ എന്ന ലാറ്റിൻ വാക്കിൽ നിന്നാണ്. "വാഴ്ച" എന്നാണ് ഇതിന്റെ അർത്ഥം. ഗ്രീക്ക് പദമായ കാനോൻ κανών (*kanōn*)–ൽ നിന്നാണ് ഇത് എടുത്തിട്ടുള്ളത്. ഇത് "അളവു കോൽ" അല്ലെങ്കിൽ "വാഴ്ച" എന്നതിനെയാണ് കുറിക്കുന്നത്. "മാറ്റ് തെളിയിച്ചിട്ടു ള്ള"–തും "ഗുണപരീക്ഷണത്തിൽ വിജയിച്ച"–തും ആയ പുസ്തകങ്ങളെയാണ് തിരുവെഴു ത്തിന്റെ "കാനോൻ" എന്ന് പരാമർശിക്കുന്നത്. അവയെ ദൈവ പ്രചോദിതമായ ദൈവ വചനത്തിന്റെ സാധുതയുള്ള ഭാഗങ്ങളായി പരിഗണിക്കുന്നു. റോമർക്കുള്ള ലേഖനത്തിന് പുതിയ നിയമത്തിൽ ഉൾപ്പെട ാനുള്ള അവകാശമുണ്ടോ? വീണ്ടും ഇക്കാര്യത്തിൽ പൊതുവായ യോജിപ്പുണ്ട്. റോമാ ലേഖനത്തിന് കാനോനിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത സ്ഥാന മുണ്ട്. ദൈവ പ്രചോദിതമല്ലാത്ത ക്രൈസ്തവ എഴുത്തുകാർ സൂചിപ്പിക്കുന്നത്, പൗലൊസിന്റെ കത്തുകൾ എഡി 90–ൽ തന്നെ ഒന്നായി പ്രചാരത്തി ലുണ്ടായിരുന്നുവെന്നാണ്.

**ഇന്നുള്ള വചനഭാഗം ആധികാരികമാണോ?**

റോമർക്കുള്ള ലേഖനത്തിന്റെ മൂലവാക്യങ്ങൾ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ ഉയരുന്നുണ്ട്. ഉദാഹരണമായി, റോമർക്കുള്ള ലേഖനത്തിന്റെ ചില ആദ്യകാല പകർപ്പുകളിൽ "റോമ" എന്ന വാക്ക് അദ്ധ്യായം 1–ൽ ഇല്ല, കൂടാതെ, ചിലവയിൽ അവസാന അദ്ധ്യായത്തിലോ അദ്ധ്യായങ്ങളിലോ കൂടിയും ഈ വാക്ക് കാണുന്നില്ല. ഈ കത്ത് ചില സ്ഥലങ്ങളിൽ വ്യക്തിഗതമായ പരാമർശ ങ്ങളില്ലാതെയാണ് പ്രചരിച്ചതെന്ന് ഇത് സൂചിപ്പിച്ചേക്കാം. എങ്കിലും, പുതിയ നിയമത്തിൽ ഇന്ന് കാണപ്പെടുന്നതു പോലെയുള്ള പതിനാറ് അദ്ധ്യായങ്ങൾ "ഗണ്യമായും, റോമിലുള്ള ക്രിസ്തീയ വിശ്വാസികൾക്ക് പൗലൊസ് എഴുതിയ അസ്സൽ വചനഭാഗങ്ങൾ"[7] തന്നെയാണ് എന്ന് പണ്ഡിതൻമാർ സമ്മതിക്കുന്നുണ്ട്.

**ഉദ്ദേശ്യം**

ഈ കത്ത് എഴുതുമ്പോൾ ഏറ്റവും കുറഞ്ഞത് മൂന്ന് കാരണങ്ങളാണ് പൗലൊസ് പരാമർശിക്കുന്നത്:

- ഒരു വ്യക്തിഗത കാരണം: അദ്ദേഹത്തിന്റെ വരവ് അറിയിക്കുന്നതിന് (1:11, 15).
- ഒരു ദൈവശാസ്ത്രപരമായ കാരണം: സുവിശേഷത്തിന്റെ അടിസ്ഥാന തത്വങ്ങൾ അവലോകനം ചെയ്യുന്നതിനും സ്പഷ്ടമാക്കുന്നതിനും (15:15).
- ഒരു സാമ്പത്തിക കാരണം: സ്പെയിനിലേക്കുള്ള ഒരു നിർദ്ദേശിത യാത്ര യ്ക്കായി സഹായം അഭ്യർത്ഥിക്കുന്നതിന് (15:22–24, 28).

ഈ ലേഖനത്തിന് രൂപം നൽകുന്നതിൽ നിരവധി ഘടകങ്ങൾ ഉൾപ്പെട്ടിരുന്നു എന്നതിന് ഒരു സംശയവുമില്ല - എന്നാൽ നമ്മുടെ താൽപ്പര്യമാണ് കത്തിന്റെ പ്രാഥമിക ഉദ്ദേശ്യം.

ഒന്നാമതായി, പൗലൊസ് ഈ ലേഖനം പ്രധാനമായും എഴുതിയത്, ഗലാത്യ ലേഖനത്തിലെപ്പോലെ യഹൂദപാരമ്പര്യത്തെ വീറോടെ സംരക്ഷി ക്കുന്ന ഗുരുക്കൻമാർക്കെതിരായി തന്റെ വിശ്വാസത്തിനായി വാദിക്കുന്നതിനു വേണ്ടി അല്ല. ഇത്തരം വ്യാജ ഗുരുക്കൻമാർ ആത്യന്തികമായി റോമിൽ എത്തുമ്പോൾ അവർക്ക് എതിരേ ക്രൈസ്തവരെ തയ്യാറാക്കുന്നതിനായി പൗലൊസ് ആഗ്രഹിച്ചിട്ടുണ്ടാവാം. എന്നാൽ അവർ അതിനോടകം തന്നെ റോമിൽ എത്തിച്ചേർന്നിരുന്നു എന്നതിന് സൂചനകളൊന്നുമില്ല.

കൂടാതെ, ''ആദ്യ പാഠം'' പസ്താവിക്കുന്ന ലളിതമായ ഒരു സന്ദേശം അല്ല റോമാ ലേഖനം എന്ന് നാം ഓർക്കേണ്ടതുണ്ട്.[8] റോമിലെ വിശ്വാസിക ളുടെ വിശ്വാസം ലോകം മുഴുവൻ അറിയപ്പെടുന്നതായിരുന്നു (1:8). അവർ ''ദയാപൂർണ്ണരും സകലജ്ഞാനവും നിറഞ്ഞവരും അന്യോന്യം പ്രബോധി പ്പിപ്പാൻ പ്രാപ്തരും ആകുന്നു'' (15:14). അവർക്ക് ആവശ്യമായിരുന്നത് വചന ത്തിന്റെ ''പാൽ'' ആയിരുന്നില്ല (അനായാസം ദഹിക്കുന്ന), എന്നാൽ ''കട്ടിയുള്ള ആഹാരം'' (അനായാസം ദഹിക്കാത്ത) ആയിരുന്നു (കാണുക എബ്രാ. 5:12). ഏതെങ്കിലും പുതിയ നിയമ പുസ്തകത്തിന് ''കട്ടിയുള്ള ആഹാരം'' എന്ന ശീർഷകം ലഭിക്കുന്നതിന് യോഗ്യതയുണ്ടെങ്കിൽ, അത് റോമാ ലേഖനമാണ്. ''അത് ആത്മാവിന് ലഘുഭക്ഷണമല്ല,'' എന്നാൽ മറിച്ച് അത് ''ഒരു ഫുൾ-കോഴ്സ് മീൽ'' ആണ് എന്ന് ചാൾസ് സ്വിൻഡൽ നിരീക്ഷിക്കുന്നത്.[9]

കൂടുതലായി, പൗലൊസ് എഴുതിയിട്ടുള്ള മറ്റ് ചില ലേഖനങ്ങളെപ്പോലെ, ആന്തരികമായുണ്ടായ പ്രശ്നങ്ങളെ നേരിടുന്നതിനായി എഴുതിയത് അല്ല റോമാ ലേഖനം. റോമിലെ സഭയിൽ ജാതികളും യഹൂദരും പരസ്പരം പിരിമുറുക്കം നില നിന്നിരുന്നിട്ടുണ്ടാവാം. അങ്ങനെയെങ്കിൽ, സത്യം തെളിയിച്ചു കാട്ടുന്നതിന ുള്ള പൗലൊസിന്റെ ന്യായവാദം ഈ പിരിമുറുക്കത്തിൽ അയവ് വരുത്തുന്നതിന് സഹാ യിച്ചുവെന്ന് നമുക്ക് പ്രതീക്ഷിക്കാം - എന്നാൽ അത്തരമൊരു സാഹചര്യത്തെ കൈകാര്യം ചെയ്യുകയായിരുന്നില്ല ഈ എഴുത്തിന്റെ പ്രാഥമികമായ ഉദ്ദേശ്യം.

അന്തിമമായി, പൗലൊസിന്റെ സ്പെയിനിലേക്കുള്ള യാത്രയ്ക്ക് സഹായം തേടുകയും ആയിരുന്നില്ല (ഏതാനും ചില എഴുത്തുകാർ അന്തിമ നിർണ്ണയം നടത്തിയിരിക്കുന്നതു പോലെ) ഈ എഴുത്തിന്റെ പ്രാഥമികമായ ഉദ്ദേശ്യം എന്നതു നാം തിരിച്ചറിയേണ്ടതാണ്. റോമിലെ സഭ സഹായിക്കുമെന്ന് പൗലൊസ് പ്രതീക്ഷിച്ചിരുന്നുവെന്നത് സത്യമാണ് (15:24). എങ്കിലും, സാമ്പത്തിക സഹായം സ്വരുക്കൂട്ടുക മാത്രമയിരുന്നു ഈ കത്തിലൂടെ

പൗലൊസ് ഉദ്ദേശിച്ചിരുന്നതെങ്കിൽ, അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും അതിനോടകം തന്നെ പരിചിതമായിരുന്ന സഭാ കൂട്ടായ്മകളിൽ നിന്ന് അദ്ദേഹത്തിന് സഹായം ലഭിക്കുമായിരുന്നതിന് കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നു.

എങ്കിൽപ്പിന്നെ, എന്തായിരുന്നു പൗലൊസിന്റെ ഈ എഴുത്ത് എഴുതുന്നതിന്റ ഉദ്ദേശ്യം? റോമാ ലേഖനം *ബോധനം* നടത്തുന്ന ഒരു കത്താണ്. റോമിലെ ക്രൈസ്തവരുടെ ''സ്ഥിരീകരണത്തിനായി'' അവരെ കാണുവാൻ ആഗ്രഹിക്കു ന്നുവെന്നാണ് അദ്ദേഹം പറയുന്നു (1:11). അവരുടെ സ്ഥിരീകരണം അല്ലെങ്കിൽ ശക്തിപ്പെടുത്തൽ നടത്തുന്നതിനുള്ള ഒരു മാർഗ്ഗം, പഠിപ്പിക്കലിലൂടെ യാണ് (കാണുക 16:25, 26; മത്താ. 28:20; അപ്പോ. പ്ര. 18:23). റോമിൽ എത്തിച്ചേരുന്നതിനുള്ള സാദ്ധ്യത വിദൂരം മാത്രമായതിന ാൽ (മുൻപ് സൂചിപ്പിച്ചതു പോലെ), അദ്ദേഹം സമാനമായ ഒരു ഉദ്ദേശ്യം നിവർത്തിക്കുന്നതിനായി ഒരു കത്ത് അയച്ചു. മെറിൽ സി. ടെന്നി ഇങ്ങനെ പറയുന്നു:

> റോമാക്കാർ, ... കൊരിന്ത്യരിൽ നിന്ന് വിഭിന്നമായി, തിരുവചന സത്യങ്ങളുടെ പഠിപ്പിക്കലുമായി ബന്ധപ്പെട്ടുള്ള തെറ്റു തിരുത്തലുകൾ നടത്തുന്നതിന് ഏറെ ഉൽസുകരായിരുന്നില്ല. ക്രൈസ്തവ ചിന്തയുടെ എല്ലാ മേഖലകളും അത് ഉൾക്കൊള്ളുന്നില്ലെങ്കിലും - പ്രത്യേകിച്ചും എസ്കറ്റോളജി (''അന്ത്യകാല സംഭവങ്ങളുടെ പഠനം'') സംബ ന്ധിച്ചുള്ള പ്രതിപാദനത്തിന്റെ ഗുരുതരമായ അഭാവം ശ്രദ്ധേയമാണ്[10] - പൗലൊസിന്റെ മറ്റേത് അപ്പൊസ്തലിക ലേഖനത്തേക്കാളും, ക്രിസ്തീയ തയുടെ ഹൃദയത്തിന്റെ കൂടുതൽ ക്രമബദ്ധമായ ഒരു കാഴ്ചപ്പാട് അത് പ്രദാനം ചെയ്യുന്നുണ്ട്, എഫേസ്യ ലേഖനത്തെ മാറ്റി നിർത്തിയാൽ. പൗലൊസിന്റെ മിക്കവാറും ലേഖനങ്ങൾ വിവാദപരമായവയോ തെറ്റുകളുടെ തിരുത്തൽ ആവശ്യപ്പെടുന്നവയോ ആയിരിക്കെ, റോമാ ലേഖനം മുഖ്യമായും ബോധനപരമാണ് (പ്രബോധനം നൽകുന്നത്).[11]

ലേഖനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഒരു തീർപ്പ് കൽപ്പിച്ചു കൊണ്ട് മോസസ് ഇ. ലാർഡ് പറയുന്നത് "ഉദ്ദേശ്യത്തെക്കുറിച്ചുള്ള ചോദ്യത്തിന്, കത്തിന്റെ ഉള്ളടക്കം തന്നെയാണ് മറുപടി. എന്ത് ഫലമാണ് ഈ ഉള്ളടക്കം ഉളവാക്കുന്നതിന് ഉദ്ദേശിച്ചത്, അതാണ് ഈ കത്ത് എഴുതിയതിന്റെ ഉദ്ദേശ്യവും."[12] ഈ ലേഖനം, "എല്ലാ പ്രായത്തിലുമുള്ള വർക്കുമായി അടിസ്ഥാന ക്രൈസ്തവത"-യുടെ രേഖാരൂപം രചിക്കുന്നതായി ജെ. ഡി. തോമസ് നിരീക്ഷിച്ചു.[13]

റോമിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം ഓർമ്മിക്കേണ്ടതാണ്. ഒരു വശത്ത്, പൗലൊസ് നഗരത്തിൽ എത്തുന്നുവെങ്കിൽ, തനിക്കും ഒപ്പം പ്രവർത്തിക്കുന്ന വർക്കും റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ പകുതിയിലേക്ക് സുവിശേഷ വുമായി പോകുന്നതിന് പാകത്തിൽ, നഗരത്തെ ഒരു സുവിശേഷ കേന്ദ്രമാക്കി മാറ്റുന്നതിനായി അദ്ദേഹം ഒരു പക്ഷേ പദ്ധതിയിട്ടുണ്ടാകാം. റോമാക്കാർ ക്കുള്ള അദ്ദേഹത്തിന്റെ ലേഖനം അതിനായുള്ള വഴിയൊരുക്കുമായിരുന്നു. മറു വശത്ത്, റോമിൽ എത്തിച്ചേരുന്നതിനായി പൗലൊസിന് അവസരം ലഭിക്കുന്നില്ലെങ്കിൽ, ജാതികളുടെ ഒരു ലോകത്തിന്റെ തലസ്ഥാനമെന്ന് വിശേഷിപ്പിക്കാവുന്ന റോമിൽ, ക്രിസ്തീയതയുടെ സ്വഭാവത്തെക്കുറിച്ചുള്ള

(ദൈവ പ്രചോദിതമായ) അവബോധത്തിന്റെ ഒരു ലിഖിത വിശദീകരണം ശേഷിപ്പിക്കുന്നത് തീർത്തും മൂല്യമേറിയതായിത്തീരും.

*എല്ലാ പ്രായത്തിലുമുള്ളവർക്കുമായി* അടിസ്ഥാന ക്രിസ്തീയതയുടെ രേഖാരൂപം രചിക്കുകയാണ് താനെന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നുവോ? ഒരു പക്ഷേ ഇല്ല, എന്നാൽ പരിശുദ്ധാത്മാവിന്റെ ഉദ്ദേശ്യം അതാണ് എന്നത് പ്രകടമാണ് – അതാണ് റോമർക്കുള്ള ലേഖനം കൈവരിക്കുന്നത്. ആർ. സി. ബെൽ അതിനെ ''ക്രിസ്തീയതയുടെ വേരു മുതൽ ഫലം വരെയുള്ള സംക്ഷിപ്തമായ ഒരു വിളംബരം''[14] എന്ന് വിളിക്കുന്നു.

## പശ്ചാത്തലം

റോമാ ലേഖനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി, പൗലൊസ് കൈകാര്യം ചെയ്ത പ്രശ്നം നാം പ്രതീക്ഷിക്കേണ്ട താണ്. വിവിധങ്ങളായ പ്രശ്നങ്ങൾ അക്കമിട്ട് നിരത്തുന്നതിന് കഴിയും – ചിലത് എഴുത്തുകാരന്റെ നിലപാടിൽ നിന്നും ചിലത് ഗുണഭോക്താക്കളുടെ നിലപാടിൽ നിന്നും – എന്നാൽ നമ്മുടെ അടിയന്തിരമായ താൽപര്യമുണർ ത്തുന്നത്, പൗലൊസിന് ഉൽകണ്ഠയ്ക്ക് കാരണമായി പശ്ചാത്തലത്തിലുണ്ട ായിരുന്ന പ്രശ്നമാണ്. അന്തർലീനമാ യിരുന്ന പ്രശ്നം, *മോശയുടെ ന്യായപ്രമാണവുമായുള്ള ക്രിസ്തീയ ബന്ധം* ആയിരുന്നു എന്നൊരു അഭിപ്ര ായം, തീർച്ചയായും ഈ വിഷയത്തെ ഏറെ നിസ്സാരവൽക്കരിക്കു ന്നതിന് ശ്രമിക്കുന്ന ഒന്നല്ല. ചില ക്രിസ്തീയ യഹൂദർ (''യഹൂദ പാരമ്പര്യവാദ ഗുരുക്കൻമാർ'' എന്ന് പലപ്പോഴും പരാമർശി ക്കപ്പെടുന്നു), യേശുവിന്റെയും അപ്പൊസ്തലൻമാരുടെയും ഉപദേശങ്ങൾക്ക് പുറമേ, ജാതികൾ മോശയുടെ ന്യായപ്രമാണവും പാലിക്കണം എന്ന് പഠിപ്പിക്കുന്നുണ്ടായിരുന്നു. ഇത് പുതിയ ഒരു പ്രശ്നമായിരുന്നില്ല; ഗലാത്യർക്കുള്ള ലേഖനത്തിൽ പൗലൊസ് ഇതിനെ അഭിമുഖകരിച്ചു കൊണ്ട് എഴുതുന്നുണ്ട്.

പൗലൊസിന്റെ റോമാ ലേഖനത്തിന്റെ അടിസ്ഥാന പ്രതികരണം ഗലാത്യ ലേഖന ത്തിലെപ്പോലെ തന്നെയാണ്: മനുഷ്യൻ ന്യായപ്രമാണത്താൽ നീതീകരിക്ക പ്പെടുന്നില്ല (3:20). എങ്കിലും, റോമർ എഴുതുമ്പോൾ ഉത്തരം വിപ ുലീകരിച്ചു. ഗലാത്യ ലേഖനത്തിൽ, ന്യായപ്രമാണം താൽക്കാലികമായിരു ന്നുവെന്നും സ്ഥായിയാ യിട്ടുള്ളതല്ലെന്നും അദ്ദേഹം വായിച്ചു. റോമാ ലേഖനത്തിൽ അദ്ദേഹം അതേ സത്യം തന്നെ പഠിപ്പിച്ചു (7:1-4); മാത്രമല്ല ഈ യാഥാർത്ഥ്യത്തെ കുറെക്കൂടി വിശാലമാക്കി പഠിപ്പിച്ചു: മനുഷ്യന് മോശയുടെ ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുന്നതിന് സാദ്ധ്യമല്ല, കാരണം ഒരു ന്യായപ്ര മാണവും മനുഷ്യനെ രക്ഷിക്കുന്നതിന് പര്യാപ്തമല്ല. അവന് കരുണയും കൃപയും ഉണ്ടാവണം അല്ലെങ്കിൽ അവന് പ്രത്യാശ ഉണ്ട ായിരിക്കില്ല! നമ്മുടെ രക്ഷയുടെ അടിസ്ഥാനമായി വിശ്വാസം മാത്രമാണ് സ്വീകാര്യം എന്ന നിർണ്ണയം അദ്ദേഹം പ്രഖ്യാപിച്ചു – കാരണം ഒരു മനുഷ്യൻ അയാളുടെ പ്രവർത്തികളിലൂടെയാണ് രക്ഷിക്കപ്പെടുന്നതെങ്കിൽ, അയാളുടെ രക്ഷ കൃപയാലല്ല (11:6).

ഈ ലേഖനത്തിന്റെ മുൻപിലേക്കുള്ള ഭാഗങ്ങളിലേക്ക് പോകുന്തോറും പൗലൊസിന്റെ ചിന്താ സരണി കൂടുതൽ വ്യക്തമാകും. എങ്കിലും, പഠനത്തിന്റെ ആരംഭ ത്തിൽ അതിന്റെ ഒരു രേഖാ രൂപം കാണുന്നത് അതിനെക്കുറിച്ച് പെ ട്ടെന്ന് ഒരു ധാരണ ലഭിക്കുന്നതിന് വഴിയൊരുക്കും. ഒരു പഠിതാവ് ഇക്കാര്യം എപ്പോഴും ഓർമ്മി ക്കുന്നുവെങ്കിൽ, ഈ യാഥാർത്ഥ്യം വിശാലത പ്രാപ

ിക്കുന്നത് അയാൾ കാണും.

## പ്രാമുഖ്യം

റോമർക്കുള്ള ലേഖനത്തിൽ "ക്രിസ്ത്യാനിത്വത്തിന്റെ ഹൃദയത്തുടിപ്പ്" അടങ്ങുന്നുവെന്ന് പറയപ്പെടുന്നുണ്ട്. അതിന്റെ മൂല്യത്തെക്കുറിച്ച് ഒന്നിലേറെയുള്ള സാക്ഷ്യങ്ങൾ നൽകുന്നതിന് സാധിക്കും. സാമുവേൽ ടെയ്‌ലർ കോൾറിഡ്ജ്, ഈ എഴുത്തിനെ വിളിക്കുന്നത്, "ഇന്ന് നിലനിൽക്കുന്ന ഏറ്റവും ഗഹനമായ സൃഷ്ടി"[15] എന്നാണ്. റോമാ ലേഖനത്തിന്റെ സന്ദേശം, പൗലൊസിന്റെ എല്ലാ ലേഖനങ്ങളിലേക്കുമുള്ള താക്കോലാണ് എന്ന് അലക്സാണ്ടർ ക്യാംബെൽ പറഞ്ഞു.[16] ടെന്നി അതിനെ "ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ മുഖ്യാധാരം"[17] എന്നാണ് പരാമർശിക്കുന്നത്. അഗസ്റ്റിൻ, ലൂഥർ, മൂഡി തുടങ്ങിയ ആത്മീയ നേതാക്കൾ റോമാ ലേഖനം തങ്ങളുടെ ജീവിതത്തിന്റെ പ്രേരക ശക്തി ആയി വാഴ്ത്തി. എഡ്മണ്ട് ഫഡ്ജ് ഈ കത്തിനെ "സഭാ ചരിത്രത്തിന് ആകാരം നൽകിയത്'എന്ന് വിളിച്ചു."[18]

ഇതിന്റെ അർത്ഥം, റോമാ ലേഖനം പുതിയ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാണെന്നോ പുതിയ നിയമത്തിലെ മറ്റ് പുസ്തകങ്ങളെ അവഗണിക്കണമെന്നോ അല്ല. എപ്പോഴും "തിരുവെഴുത്തുകളുടെ ഒരു ഭാഗത്തെ മറ്റൊന്നിന് മുകളിലായി ഉയർത്തുന്നത് അപകടകരമാണ്, പ്രത്യേകിച്ചും അങ്ങനെ ചെയ്യുമ്പോൾ, ദൈവിക വെളിപ്പാടിന്റെ സർവ്വ പ്രധാനമായ ഐക്യത്തിന് കോട്ടം വരുന്നു"[19] എന്നാണ് ജെയിംസ് ബർട്ടൺ കോഫ്മാൻ യഥോചിതം പറഞ്ഞിട്ടുള്ളത്. "ക്രൈസ്റ്റോളജി (ക്രിസ്തുവിന്റെ ജീവിതം, വ്യക്തിവൈശിഷ്ട്യം,സ്വഭാവം) അല്ലെങ്കിൽ എസ്കറ്റോളജി (കർത്താവിന്റെ രണ്ടാം വരവ് ഉൾപ്പടെയുള്ള 'അന്ത്യകാല സംഭവങ്ങളുടെ' പഠനം) അല്ലെങ്കിൽ എക്ലീസിയോളജി (സഭയെ ക്കുറിച്ചുള്ള പഠനവും ദൈവത്തിന്റെ നിത്യ പദ്ധതിയിൽ അതിന്റെ സ്ഥാനവും (കാണുക എഫെ. 3:10, 11) സംബന്ധിച്ചുള്ള സുപ്രധാനമായ ചർച്ച ലേഖനത്തിൽ വിട്ടു പോയിരിക്കുന്നു" എന്ന് ഡഗ്ലസ് ജെ. മൂ ചൂണ്ടിക്കാണിക്കുന്നു്."[20]

റോമാ ലേഖനം എല്ലാറ്റിലും പ്രധാനമായതല്ല, എന്നാൽ അത് പ്രാധാനപ്പെട്ടതാണ് - വളരെയേറെ പ്രധാനം. ആൻഡേർസ് നൈഗ്രേൻ അതിനെ "പൗലൊസ് എഴുതിയ സുവിശേഷം"[21] ആയി പരിഗണിക്കുന്നു. ജോൺ ആർ ഡബ്ലിയു സ്റ്റോട്ട് അതിനെക്കുറിച്ച് ഇനിപ്പറയുന്ന വിവരണം നൽകി:

> റോമർക്കെഴുതിയ ലേഖനം, പുതിയ നിയമത്തിലെ ക്രിസ്തീയ സുവിശേഷത്തിന്റെ ഏറ്റവും സമ്പൂർണ്ണവും അനുയുക്തവുമായ വിളംബര പത്രികയാണ്. അതിൽ അപ്പൊസ്തലനായ പൗലൊസ് "ദൈവത്തിന്റെ പൂർണ്ണ ഉപദേശ" ത്തിന്റെ ചുരുളഴിക്കുന്നു ... അദ്ദേഹത്തിന്റെ സ്പഷ്ടീകരണത്തിന് ഒരു ഗാംഭീര്യവും, അതേ വിഷയങ്ങളെ ഉൾക്കൊള്ളിക്കുന്നതിലെ ഒതുക്കവും യുക്തിപരമായ ചിന്തയും ഉണ്ട്; അതു കൊണ്ടാണ് അത് പ്രശംസ പിടിച്ചു പറ്റിയിട്ടുള്ളതും പിൻവന്ന എല്ലാ തലമുറകളെയും അത് പഠിക്കുന്നതിന് പ്രേരിപ്പിച്ചതും.[22]

ക്രിസോസ്റ്റം റോമാ ലേഖനത്തെ വിളിച്ചത് പൗലൊസിന്റെ "ആത്മീയ കാഹളം" എന്നാണ്.[23] കാഹളങ്ങൾ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നതിനാണ്,

നമ്മെ ഉണർത്തുന്നതിനാണ്, അതാണ് പൗലൊസിന്റെ എഴുത്ത് ചെയ്യുന്നത്!

റോമർക്കുളള ലേഖനത്തിന്റെ പ്രാമുഖ്യം സൂചിപ്പിക്കുന്നത്, പൗലൊസ് (ദൈവവും) അത് വായിക്കുന്ന എല്ലാവർക്കും മനസ്സിലാകുന്ന ഒരു എഴുത്താകണമെന്ന് തീർച്ചയായും ഉദ്ദേശിച്ചിരുന്നുവെന്നാണ്. റോമാ ലേഖനം ഭാഷാപരമായി ഭയപ്പെടുത്തുന്നതാകാം. അത് സാധാരണ രൂപത്തിലുളള ഒരു എഴുത്തല്ല; ആലോചന കൂടാതെ കുത്തിക്കുറിച്ച ഒരു മത ലേഖന വുമല്ല. റോമാ ലേഖനത്തിലെ മനസ്സിലാക്കുന്നതിന് ദുഷ്കരമായ വചന ഭാഗങ്ങളിലൂടെ കടന്നു പോയതിന് ശേഷം, പൗലൊസിന്റെ കത്തുകൾ "മന സ്സിലാക്കുന്നതിന് കഠിനം" (2 പത്രൊ. 3:16). ആണ് എന്ന് പറയുമ്പോൾ ഒരു പക്ഷേ പത്രൊസിന്റെ മനസ്സിലുണ്ടായിരുന്നത് ഈ ലേഖനമായിരുന്നു വെന്ന് വായനക്കാരൻ ഒരു നിഗമനത്തിലെത്തിയേക്കാം. റോമർക്കെഴുതിയ ഈ എഴുത്ത്, മനസ്സിലാക്കുന്നതിന് ദുഷ്കരമായിരിക്കുന്നതിന് എച്ച്. ഹാലി രണ്ട് കാരണങ്ങളാണ് നിർദ്ദേശിക്കുന്നത്:

> ഒന്നാമത്തേത് പൗലൊസിന്റെ സാഹിത്യ ശൈലിയാണ്. ഒരു വാക്യം ആരംഭിച്ചതിന് ശേഷം അതിൽ നിന്ന് വ്യതിചലിച്ച് മറ്റൊന്നിലേക്കും അതിൽ നിന്ന് വ്യതിചലിച്ച് മറ്റൊരു വിഷയത്തിലേക്കും വഴുതിപ്പോകുന്ന ഒരു ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. ഇക്കാരണത്താൽ, ചില വാക്യങ്ങളിൽ ഉപവാക്യങ്ങൾ, തൊട്ടു മുൻപ് വരുന്ന വാക്കുകളോട് ബന്ധപ്പെടുത്തേണ്ടതിന് പകരം, ആ വാക്കുകൾക്ക് ഏറെ മുൻപ് എഴുതിയ വാക്കുകളുമായി ബന്ധപ്പെടുത്തിയിട്ടുളളതിനാൽ, പരസ്പര ബന്ധം നസ്സിലാക്കുന്നതിന് ഏറെ ദുഷ്കരമായിത്തീരുന്നു. രണ്ടാമത്തെ കാരണം, ഈ ലേഖനം എഴുതപ്പെട്ടത് സജീവമായ, കത്തിക്കാളുന്ന ഒരു പ്രശ്നം - നമുക്ക് ഒരു പ്രശ്നമേ അല്ലാത്ത ഒരു വിഷയം - കൈകാര്യം ചെയ്യുന്നതിന് വേണ്ടിയായിരുന്നു: ഒരു വിജാതീയന്, ഒരു യഹൂദ പരിവർത്തിതൻ ആയിത്തീരാതെ ഒരു ക്രിസ്തീയ വിശ്വാസി ആയിത്തീരുന്നതിന് സാധിക്കുമോ?[24]

മൂന്നാമതൊരു കാരണവും കൂടി കൂട്ടിച്ചേർക്കാവുന്നതാണ്: ഏറെ ചിന്തിക്കേണ്ടി വരുന്ന ദൗത്യങ്ങൾ നമ്മിൽ അധികം പേരും ഏറെ ഇഷ്ടപ്പെടുന്നില്ല. റോമാ ലേഖനം നമ്മുടെ ചിന്തകളിൽ അദ്ധ്വാനമുണ്ടാക്കുന്ന വയാണ്. രക്ഷിക്കപ്പെടു ന്നതിനായി എന്തെങ്കിലും ചെയ്യേണ്ടതുണ്ട് (അപ്പൊ. പ്ര. 2:37, 38) എന്ന് വിശ്വസിക്കുന്ന നമ്മിൽ പലർക്കും, ''പ്ര വർത്തിക്കാത്ത വൻ എങ്കിലും അഭക്തനെ നിതീകരിക്കു ന്നവനിൽ, വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു'' (റോമ. 4:5). എന്നത് ചിന്താക്കുഴപ്പം സൃഷ്ടിച്ചേക്കാം. റോമാ ലേഖനം രക്ഷയെക്കുറിച്ച് പഠിപ്പിക്കുന്നത് ''വിശ്വാസത്താൽ മാത്രം'' എന്ന് ബോദ്ധ്യ പ്പെട്ടവർക്ക്, ദൈവം "ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും" (2:6). എന്ന ഭാഗം വായിക്കുമ്പോൾ അത് കുഴപ്പിക്കുന്നതാകാം. റോമർ പഠിക്കുന്ന തിന് ആഴത്തിൽ ചിന്തിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് - ഏറെ സമയമെടുത്തുളള ചിന്ത, അതീവ ഗൗരവതരമായ ചിന്ത. ഇതു കൊണ്ടാണ് യൂജീൻ പീറ്റേഴ്സൺ ഈ കത്തിനെ, ''ചിന്തിക്കുന്ന പ്രക്രിയയുടെ ഒരു സാഹസ കൃത്യം''[25] എന്ന് വിളിച്ചത്.

ബെൽ താഴെപ്പറയുന്ന ഒരു വർണ്ണനമാണ് ഉപയോഗിച്ചത്: ''അത് രുചിച്ചു

മാത്രം നോക്കേണ്ട ഒരു പുസ്തകമല്ല അല്ലെങ്കിൽ ധൃതഗതിയിൽ വിഴുങ്ങേണ്ട തുമല്ല: അത് 'ചവച്ചരയ്ക്കേണ്ടതും ദഹിക്കപ്പെടേണ്ടതുമാണ്'. ... ജീവിതത്തിന്റെ ആഴ ത്തിലുള്ളതും ഉയർന്ന തലത്തിലുള്ളതുമായ കാര്യങ്ങളെ, ഗൗരവപ പൂർവ്വ വും ഉൽസുകതയോടെയും ആത്മാർത്ഥതയോടെയും പഠിക്കുന്ന വിദ്യാർത്ഥി കൾ ക്കുള്ളതാണ് റോമർ.''[26] റോമാ ലേഖനം സംബന്ധിച്ച് ഒരു നിര പ്രബോധനങ്ങൾ ആരംഭിക്കുന്ന വേളയിൽ, പ്രെന്റീസ് മെഡോറിന്റെ ചിത്രീകരണം ഇങ്ങനെ യായിരുന്നു: "നാം ആഴം കുറഞ്ഞ സ്ഥലത്തല്ല; നാം പതിനാറടി ആഴമുള്ള വെള്ളത്തിലാണ്, നമ്മുടെ ശിരസ്സിനും ഏറെ മുകളിൽ!"[27]

എങ്കിലും, ഒരു വസ്തുത ഊന്നിപ്പറയേണ്ടതുണ്ട് - റോമാ ലേഖനം മനസ്സിലാക്കുന്നത് *അസാദ്ധ്യമല്ല.* ഒരു ആയുഷ്കാലം മുഴുവൻ നീളുന്ന പഠനത്തിന് ശേഷവും, റോമാ ലേഖനത്തിന്റെ ചില ഭാഗങ്ങൾ അവ്യക്തമായി തന്നെ തുടരും; എന്നാൽ ഒരു വ്യക്തിക്കും അതിന്റെ മുഖ്യ സന്ദേശം മനസ്സിലാക്കുന്നതിന് കഴിയുമായിരുന്നില്ലെങ്കിൽ, ഈ എഴുത്ത് നമുക്കായി ഇത്രയും വർഷങ്ങൾ സംരക്ഷിക്കപ്പെടില്ലായിരുന്നു.

ദൈവത്തെ തേടുന്ന വ്യക്തികൾക്ക്, അതിന്റെ ഉപദേശങ്ങൾ സ്വായത്ത മാക്കുന്നതിന് ആവശ്യമായ അദ്ധ്വാനം നടത്തേണ്ടതുണ്ട് എന്നതിന് നിരവധി കാരണങ്ങളുണ്ട്. പൗലൊസിന്റെ ലേഖനങ്ങൾ ഗ്രഹിക്കുന്നതിന് വിഷമകരമ ാണെന്ന് മാത്രമല്ല പത്രൊസ് പറയുന്നത്, എന്നാൽ ആ എഴുത്തുകൾ ''സ്വന്ത നാശത്തിനായി'' ''അറിവില്ലാത്തവരും അസ്ഥിരൻമാരു മായവർ കോട്ടിക്കള യുന്നു'' (2 പത്രൊ. 3:16). എന്നു കൂടി അദ്ദേഹം പറയുന്നുണ്ട്. ''രക്ഷ വിശ്വാ സത്താൽ'' എന്ന് പഠിപ്പിക്കുന്നതിനായി റോമർ 1-4 ഉപ യോഗിക്കുന്നവരോടും ''ആദ്യ പാപത്തിന്റെ'' പ്രമാണം റോമർ 5-ൽ കാണുന്നു എന്ന് വിശ്വസിക്കുന്നവരോടും ഡിസ്പെൻ -സേഷണൽ പ്രമാണങ്ങൾ റോമർ 9-11-ന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുന്ന വരുമായവരോട് ഉത്തരം പറയുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്. പരമ പ്രധാനമായി, റോമാ ലേഖനം ഒരു വ്യക്തിയിൽ ഉളവാക്കാവുന്ന പ്രഭാവം കണക്കിലെടുക്കുമ്പോൾ, ഈ വചനഭാഗങ്ങൾ നസ്സിലാക്കുന്നതിന് എത്ര മാത്രം കഠിനാദ്ധ്വാനം ആവശ്യമാണോ, അത്ര മാത്രം പ്രയത്നം ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. കാരണം, ഒരു വ്യക്തിക്ക് പൗലൊസിന്റെ മുഖ്യ ചിന്താസരണിയുടെ ഗ്രാഹ്യം ലഭിച്ചു കഴിയുമ്പോൾ, സാധാരണയായി അത് ആ വ്യക്തിയുടെ ജീവിതം തന്നെ മാറ്റി മറിക്കുമെന്നതാണ് യാഥാർത്ഥ്യം. ബെല്ലിന്റെ പ്രിയങ്കരമായ ഒരു പ്രയോഗ ശൈലി ഇങ്ങനെയായിരുന്നു: ''നിങ്ങൾ റോമർ നേടുന്നുവെങ്കിൽ, ദൈവം നിങ്ങളെ നേടും!''[28]

## മുഖവുര വിഷയങ്ങൾ

### പ്രതിപാദ്യ വിഷയങ്ങളുടെ പ്രസ്താവന (കൾ)

ഈ കത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയത്തിന്റെ സ്വഭാവം മൂലം, റോമർ 3:28, മുഴുവൻ റോമാ ലേഖനത്തിന്റെയും പ്രതിപാദ്യ വിഷയം ഉൾക്കൊള്ളുന്നുവെന്ന് ചിലർ ശഠിക്കുന്നു: ''അങ്ങനെ മനുഷ്യൻ ന്യായപ്രമാ ണത്തിന്റെ പ്രവൃത്തികൂടാതെ വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നാം അനുമാനിക്കുന്നു'' 5:1; ഉൾപ്പടെ മറ്റ് അദ്ധ്യായങ്ങളിലെ വചനഭാഗങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്; എന്നാൽ ഭൂരിഭാഗം പേരും

പ്രതിപാദ്യ വിഷയത്തിന്റെ പ്രകാശനമായി മുൻഗണന നൽകുന്നത് 1:16, 1:17 എന്നിവയ്ക്കോ അല്ലെങ്കിൽ രണ്ട് വചനങ്ങളുടെയും ഒരു മിശ്രണത്തിനോ ആണ്:

> സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു (ഹബ. 2:4-ൽ), ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും'' എന്നു എഴുതിയിരിക്കുന്നുവല്ലോ (1:16, 17).

എന്നാൽ ഈ വാകൃങ്ങളിലെ മുഖ്യ സൂചക പദം സംബന്ധിച്ച് എഴുത്തുകാർ യോജിക്കുന്നില്ല. ചിലർ ഊന്നൽ നൽകുന്നത് "സുവിശേഷം" എന്നതിനും ചിലർ "വിശ്വാസം" എന്നതിനും മറ്റുള്ളവർ "നീതി"-യ്ക്കും "നീതിമാൻമാർ"- ക്കും. എല്ലാ വാക്കുകളും പ്രധാനമാണ്; അവയിൽ ഒന്നും ഏറെ ലഘുവായി തള്ളിക്കളയുന്നതിന് സാധിക്കില്ല.

**മുഖ്യ സൂചക ചിന്തകൾ**

ഒരു പുതിയ നിയമ എഴുത്തുകാരന്റെ സമീപനം മുൻകൂട്ടി അറിയുന്നതിനുള്ള ഒരു മാർഗ്ഗം, അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ ആരംഭം, ആ പുസ്തകത്തിന്റെ സമാ പനവുമായി താരതമ്യം ചെയ്യുകയെന്നുള്ളതാണ്. അങ്ങനെയെങ്കിൽ, റോമാ ലേഖന ത്തിലെ രണ്ട് പ്രധാനപ്പെട്ട വചന ഭാഗങ്ങൾ 1:1-6-ഉം 16:20-27-ഉം ആണ്. രണ്ടിലും പൊതുവായുള്ള വാക്കുകളും പ്രയോഗങ്ങളും ചിന്തകളും എന്തൊക്കെയാണ്?

ഓരോ ഭാഗത്തും "ക്രിസ്തു" നിരവധി പ്രാവശ്യം പരാമർശിക്കുന്നുണ്ട് (1:1, 4, 6; 16:25, 27), അതേ പോലെ തന്നെ "ദൈവ"- വും (1:1, 4; 16:20, 26, 27). ഇവ രണ്ടും പൗലൊസിന്റെ സന്ദേശത്തിന്റെ കേന്ദ്ര സ്ഥാനം അലങ്കരിക്കുന്നവയാണ് (1:1; 16:25), അതേ പോലെ തന്നെ "കൃപ"-യും (1:5; 16:24). മുഖ്യ സൂചക പദങ്ങൾ ഇവയായിരിക്കും. റോമർ 1:2, ദൈവം "വിശുദ്ധരേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തെ"- ക്കുറിച്ചും 16:26, ''പ്രവാചകൻമാരിലൂടെ വെളിപ്പെട്ടതിനെ''- ക്കുറിച്ചും പറയുന്നു. റോമാ ലേഖനം വായിക്കുമ്പോൾ, തന്റെ വാദങ്ങൾക്ക് അവലംബമായി പൗലൊസ് എത്ര പതിവായി പഴയ നിയമ ഉദ്ധരണികൾ ഉപയോഗിക്കുന്നുണ്ട് എന്നത് ഒരാളുടെ ശ്രദ്ധയിൽ പെടും.

ഏറ്റവും ശ്രദ്ധേയമായ സമാനതകളിലൊന്ന് 1:5, 16:26 എന്നീ വാകൃങ്ങളിൽ കാണാവുന്നതാണ്. അപ്പൊസ്തലത്വം പ്രാപിച്ചത് ''അവന്റെ നാമത്തിന്നായി സകലജാതികളുടെയും ഇടയിൽ വിശ്വാസത്തിന്നു അനുസരണം വരുത്തേണ്ടതിന്നു'' എന്ന് 1:5-ൽ പൗലൊസ് എഴുതുന്നു. 16:26-ൽ, അദ്ദേഹത്തിന്റെ പ്രഘോഷണത്തിലൂടെ സുവിശേഷം ''സകലജാതി കൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി അറിയിക്ക പ്പെട്ടിരിക്കുന്നു'' എന്ന് അദ്ദേഹം പറയുന്നു. ''ജാതികൾ" (യഹൂദരല്ലാത്തവർ) "സകലജാതികൾ" എന്നിവ രണ്ടും ഒരോ ഗ്രീക്ക് പദത്തിൽ നിന്നാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത് (ἔθνος, *ethnos*). മൂന്ന് സന്ദേശങ്ങൾ ഈ എഴുത്തിൽ

പരസ്പരം കോർത്തിണക്കുന്ന ഒരു ചരട് പോലെ നീളുന്നു:

ഒരു ദൈവശാസത്രപര സന്ദേശം: *രക്ഷ "വിശ്വാസ" ത്തിന്റെ അടിസ്ഥാനത്തിൽ.*
ഒരു പ്രായോഗിക സന്ദേശം: "*അനുസരണത്തിൽ*" *വിശ്വാസം പ്രകടിതമാകുന്നു.* അന്യരായ പാപികളുടെ അനുസരണം പരാമർശിച്ചിരിക്കുന്നു (കാണുക 6:16, 17)[29] എന്നാൽ ക്രിസ്തീയ വിശ്വാസികളിൽ പ്രതീക്ഷിക്കപ്പെടുന്ന അനുസരണത്തെക്കുറിച്ച് ലേഖനത്തിന്റെ പിന്നീടുള്ള ഭാഗത്ത് ഊന്നിപ്പറഞ്ഞിട്ടുണ്ട് (അദ്ധ്യാ. 12–16).
ഒരു സാർവ്വത്രിക സന്ദേശം: *രക്ഷ "എല്ലാ ജാതികൾക്കും."* എല്ലാവരും തെറ്റിപ്പോയിരിക്കുകയും രക്ഷ ആവശ്യമായിരിക്കുകയും ചെയ്യുന്നു. എല്ലാവരും ഒരേ മാർഗ്ഗത്തിലൂടെ രക്ഷ പ്രാപിക്കും – വിശ്വാസത്തിലൂടെയുള്ള കൃപയാൽ.

ഡേൽ ഹാർട്ട്മാൻ അത് ഈ വിധത്തിലാണ് ചിത്രീകരിക്കുന്നത്:[30] 1:1–6–ൽ പൗലൊസ് ഒരു കുറ്റി അടിച്ചു, തുടർന്ന് 16:20–27–ലും അദ്ദേഹം മറ്റൊരു കുറ്റി അടിച്ചു. ഈ രണ്ട് കുറ്റികൾക്കുമിടയിൽ അദ്ദേഹം ഒരു ചരട് നീട്ടിക്കെട്ടുകയും ആ ചരടിൽ തന്റെ വാദഗതികളെയും അന്തിമ നിർണ്ണയങ്ങളെയും തൂക്കിയിടുകയുമാണ് ചെയ്തത്.

**മുഖ്യ സൂചക പദങ്ങൾ**

റോമാ ലേഖനത്തിലുടനീളം ഉയരുന്ന പ്രാധാന്യമർഹിക്കുന്ന വാക്കുകൾ, ഈ ലേഖനത്തിലൂടെ കടന്നു പോകുന്ന ഒരു വ്യക്തിയുടെ ശ്രദ്ധയിൽ പെടും. ലാറി ഡീസൺ ഈ മുഖ്യ സൂചക പദങ്ങളുടെയും അത് എത്ര പ്രാവശ്യം ലേഖനത്തിൽ കാണപ്പെടുന്നുവെന്നതിന്റെയും ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്.[31] ഉപയോഗി ച്ചിരിക്കുന്ന ഭാഷാന്തരം ഏതാണ് എന്നതിന്റെ അടിസ്ഥാനത്തിൽ, ഈ സംഖ്യകൾ മാറും. എങ്കിലും, ഡീസണിന്റെ പട്ടികയുടെ ഒരു സാമ്പിൾ താഴെച്ചേർക്കുന്നു:

"നീതി" (ഒപ്പം മറ്റ് സംബന്ധിത പദങ്ങളും) – 66 പ്രാവശ്യം
"ന്യായപ്രമാണം" – 75 പ്രാവശ്യം
"വിശ്വസം," "നിശ്ചയം," "വിശ്വസിക്കുക" – 61 പ്രാവശ്യം
"പാപം," "പാപി," "പാപം നിറഞ്ഞ" – 58 പ്രാവശ്യം
"മരണം," "മരിക്കുക," "കൊല്ലുക" – 48 പ്രാവശ്യം
"ജഡം," "ശരീരം," "ജഡികമായ" – 30 പ്രാവശ്യം
"കൃപ" – 25 പ്രാവശ്യം
"വിശുദ്ധി" (കൂടാതെ, മറ്റ് സംബന്ധിത പദങ്ങളും) – 24 പ്രാവശ്യം

റോമാ ലേഖനത്തിന്റെ ചില പാഠങ്ങൾ, ഇവയുടേതും മറ്റ് മുഖ്യ സൂചക പദങ്ങളുടെയും പഠനത്തോടെയാണ് ആരംഭിക്കുന്നത്. ഈ വാല്യത്തിലും അതിനോട് ചേർന്നുള്ള വാല്യത്തിലും ചില നിശ്ചിത വാക്കുകൾ, ഈ വാക്കുകൾ കാണപ്പെടുന്ന വ്യത്യസ്ത അദ്ധ്യായങ്ങളുടെ അവസാനത്തിൽ നൽകിയിട്ടുള്ള "കൂടുതൽ പഠനത്തിനായി" എന്ന വിഭാഗത്തിൽ നൽകിയിട്ടുണ്ടാകും. പൗലൊസ് എങ്ങനെയാണ് ബോധപൂർവ്വമായ വിധത്തിൽ അദ്ദേഹത്തിന്റെ ചിന്താ സരണി രൂപപ്പെടുത്തിയിട്ടുള്ളത്

എന്ന് കാണിക്കുന്നതിന് ഈ വിഭാഗങ്ങൾ സഹായിക്കും.

**രേഖാ രൂപം**

പൗലൊസിന്റെ നിരവധി എഴുത്തുകളും ദൈവശാസ്ത്രപരമായ ("സൈദ്ധാന്തികമായ") ബോധനത്തോടെ ആരംഭിക്കുകയും തുടർന്ന് പ്രായോഗികമായി നടപ്പിൽ വരുത്താവുന്ന ചിന്തകളോടെ അവസാനിക്കുകയും ചെയ്യുന്നു. റോമാ ലേഖനവും ഇതേ സമ്പ്രദായം തന്നെയാണ് പിന്തുടരുന്നത് - എന്നാൽ, ഏത് ബിന്ദുവിലാണ് ഇത്തരത്തിലുള്ള ഊന്നൽ രണ്ടായി വിഭിക്കപ്പെട്ടിരിക്കുന്നത് എന്നത് സംബന്ധിച്ച് എഴുത്തുകാർക്കിടയിൽ വിയോജിപ്പുണ്ട്. ഉദാഹരണമായി, ചിലർ 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങൾ അടങ്ങുന്ന ഭാഗം ദൈവശാസ്ത്രപരമായ വിഭാഗമായി പരിഗണിക്കുമ്പോൾ, മറ്റുള്ളവർ അവയെ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ഉപദേശമായി കണക്കാക്കുന്നു. അദ്ധ്യായം 5-ൽ ദൈവശാസ്ത്രപരമായ വിഭാഗം സമാപിക്കുന്നു എന്ന് പോലും പറയുന്ന ഏതാനും ചിലരുമുണ്ട്.

ഈ കത്തിന്റെ രേഖാരൂപം ലഭിക്കുന്നതിനായി, അതിനെ രണ്ട് തുല്യ വിഭാഗങ്ങളായി വിഭജിക്കുകയാണ് ലളിതമായ മാർഗ്ഗങ്ങളിലൊന്ന്. ആദ്യത്തെ എട്ട് അദ്ധ്യായങ്ങൾ (1-8)-ഉം അവസാനത്തെ എട്ട് അദ്ധ്യായങ്ങളും (9-16). 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളിൽ പൗലൊസ് തന്റെ വാദഗതികളുടെ അടിസ്ഥാനമുറപ്പിക്കുന്നു; 9 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ, അദ്ദേഹം തന്റെ വാദഗതികളുടെ അടിസ്ഥാനം പ്രയോഗിക്കുന്നു. അവസാനത്തെ എട്ട് അദ്ധ്യായങ്ങൾ തീർത്തും സ്വാഭാവികമായി വീണ്ടും വിഭജിക്കപ്പെടുന്നു. 9 മുതൽ 11 മുഴുവനായും വരെയുള്ള അദ്ധ്യായങ്ങളിൽ, തന്റെ വാദഗതികളുടെ അടിസ്ഥാനം, എങ്ങനെ "യഹൂദ പ്രഹേളിക" (ജിം മക്ഗുയിഗ്ൻ വിളിക്കുന്നതു പോലെ[32])- യുമായി യോജിപ്പിക്കാം എന്ന് പൗലൊസ് വിശദീകരിക്കുന്നു. 12 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ തന്റെ വാദഗതികളുടെ അടിസ്ഥാനത്തെ പൗലൊസ് ദൈനം ദിന ജീവിതത്തിന്റെ വെല്ലുവിളികളിൽ പ്രയോഗക്ഷമ മാക്കുകയാണ്. ഈ ചിന്തകളെ സംയോജിപ്പിക്കുന്ന ഒരു രേഖാരൂപം തഴെച്ചേർക്കുന്നു. ഈ ലേഖനത്തിന്റെ വായനയ്ക്കും പഠനത്തിനുമായി തയ്യാറാക്കുന്ന ഒരു മാർഗ്ഗോപാധി എന്ന നിലയിൽ ഒരു വ്യക്തിയ്ക്ക് ഇത് ഏറ പ്രയോജന പ്രദമാകും. ഇത് ഹൃദിസ്ഥമാക്കുന്നത് പോലും മൂല്യവത്തായിരിക്കും.

മുഖവുര (1:1-17)

- I. ഉപദേശപരമായത് (1:18-8:39)
  - ഏ. ശിക്ഷാവിധി (1:18-3:20)
    1. ജാതികൾ
    2. യഹൂദർ
  - ബി. നീതീകരണം (3:21-5:21)
  - സി. വിശുദ്ധീകരണം (6:1-7:25)
  - ഡി. മഹത്വീകരണം (8:1-39)
- II. പ്രായോഗികമായത് (9:1-15:13)
  - ഏ. വിശദീകരണം (9:1-11:36)
    1. വിശ്വാസത്താലുള്ള നീതീകരണം, യിസ്രായേലിന്

നൽകിയി ട്ടുള്ള വാഗ്ദാനങ്ങളുമായി പൊരുത്തപ്പെടുന്നു.
2. വിശ്വാസത്താലുള്ള നീതീകരണം, ദൈവത്തിന്റെ വിശ്വസ്തതയുമായി പൊരുത്തപ്പെടുന്നു.

ബി. പ്രയോഗം (12:1–15:13)

ഉപസംഹാരം (15:14–16:27)

അവരുടെ രേഖാരൂപങ്ങളിൽ, നിരവധി എഴുത്തുകാർ റോമാലേഖനത്തിലെ മുഖ്യ സൂചക പദമായി അവർ പരിഗണിക്കുന്ന പ്രയോഗങ്ങൾ സംയോജിപ്പിക്കുന്നുണ്ട്. "നീതീകരണം"[33] എന്ന വാക്ക് കേന്ദ്രീകൃതമായ, ശബ്ദാവർത്തനം (അല്ലിറ്ററേഷൻ) ഉപയോഗിക്കുന്ന ഒരു രേഖാരൂപത്തിന്റെ കാതലായ ഭാഗം ഇതാ:

I. പാപം (1:18–3:20): നീതീ ആവശ്യമായിരുന്നു
II. രക്ഷ (3:21–5:21): നീതീ ചുമത്തപ്പെട്ടു
III. വിശുദ്ധീകരണം (6:1–8:39): നീതി പകർന്നു നൽകി
IV. സ്വയാധികാരം (9:1–11:36): നീതി തള്ളപ്പെട്ടു
V. സേവനം (12:1–15:13): നീതി പ്രാവർത്തികമാക്കി

**പ്രയോഗം**

**അവിസ്മരണീയമായ ഒരു യാത്ര**

നാം ഒരു യാത്ര ആരംഭിക്കുവാൻ പോകുകയാണ്. ഇത് ആവേശജനകമായ ഒരു സഞ്ചാരം ആയിരിക്കും. എന്നാൽ ചില ഘട്ടങ്ങളിൽ യാത്ര ദുഷ്കരമായി മാറി യേക്കാം. എങ്കിലും, നിങ്ങൾ നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട യാത്രയായേക്കാം ഇത്. നാം റോമാ ലേഖനത്തിന്റെ ഊടുവഴികളിലൂടെ യാത്ര ചെയ്യും.

ഏത് പര്യടനത്തിനായി പുറപ്പെടുന്നതിനും മുൻപേ, തയ്യാറെടുപ്പ് ആവശ്യമാണ്. വസ്ത്രങ്ങളും അനുബന്ധ വസ്തുക്കളും ഒപ്പം കരുതണം, ഒപ്പം വഴികാട്ടുന്നതി നുള്ള ഭൂപടങ്ങളുടെ സഹായവും നമുക്ക് തേടേണ്ടതുണ്ട്. സമാനമായ രീതിയിൽ, ഇവിടെ നൽകിയ അവതാരിക മുൻപിലുള്ള യാത്രയ്ക്കായി നിങ്ങളെ തയ്യാറാ ക്കുന്നതിന് വേണ്ടിയാണ്. ഇതിന്റെ ഒരു ലക്ഷ്യം, നിങ്ങളും ഞാനും ഒരുമിച്ച് നടത്തുവാൻ പോകുന്ന, വഴികാട്ടി ഒപ്പമുള്ള യാത്രയ്ക്കായി നിങ്ങളെ തയ്യാറാക്കു കയാണ്. മറ്റൊരു ലക്ഷ്യം, റോമാ ലേഖനത്തിലൂടെ സ്വയം പൂർത്തീകരിക്കാവുന്ന ഒരു പര്യടനത്തിനായി നിങ്ങളെ തയ്യാറാക്കുന്നതിന് വേണ്ടിയാണ്.

വഴികാട്ടി ഒപ്പമുള്ള യാത്രയ്ക്കും നിങ്ങൾ സ്വയം നടത്തുന്ന സഞ്ചാരത്തിനും നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. 1974-ൽ ഞാനും എന്റെ കുടുംബവും യൂറോപ്പിൽ നാൽപ്പത്തിയഞ്ച് ദിവസങ്ങൾ മറ്റാരുടെയും സഹായമില്ലാതെ ചെലവഴിച്ചു. സന്ദർശിച്ച ഭൂരിഭാഗം രാജ്യങ്ങളിലെയും ഭാഷ ഞങ്ങൾക്ക് അപരിചിതമായിരുന്നു. ഞാൻ മുഖ്യമായും ആശ്രയിച്ചത്, യൂറോപ്പ് ഓൺ ഫൈവ്-ടു-ടെൻ ഡോളേഴ്സ് എ ഡേ (പ്രതിദിനം അഞ്ച് മുതൽ പത്ത് ഡോളർ ചെലവിൽ യൂറോപ്പ്) എന്ന പേരുള്ള ഒരു പുസ്തകമായിരുന്നു. യാത്രയ്ക്കിടയിൽ എഴുതിയ കുറിപ്പുകൾക്ക് ഞാൻ നൽകിയ ശീർഷകം,

“ദിവസം അഞ്ച് – പത്ത് നാഡീ സ്തംഭനങ്ങളോടെ യൂറോപ്പ്” എന്നായിരുന്നു. “ആരെങ്കിലും എനിക്ക് വഴികാട്ടിയിരുന്നുവെങ്കിൽ” (അപ്പൊ. പ്ര. 8:31 കാണുക) എന്ന് ഞാൻ കൂടെക്കൂടെ ആശിച്ചു (തീഷ്ണമായി ആഗ്രഹിച്ചു).

1989–ൽ, എന്റെ ഭാര്യ ജോയോടൊത്ത്, ഞാൻ ടർക്കിയിൽ (ഈ സ്ഥലം “ഏഷ്യയിലെ ഏഴ് സഭകളുടെ സ്ഥാനം” ആയിരുന്നു)–ലും ഗ്രീസിലും ഒരു പന്ത്രണ്ട് – ദിന ഗൈഡഡ് ടൂർ (വഴികാട്ടി ഒപ്പമുള്ള ഒരു യാത്ര) നടത്തി. ഒരു മാസത്തെ സമയമെടുത്ത് സ്വന്തമായി സന്ദർശിക്കാവുന്നതിനേക്കാൾ ഏറെക്കൂടുതൽ സ്ഥലങ്ങൾ ഈ യാത്രയിൽ ഞങ്ങൾക്ക് കാണുന്നതിന് സാധിച്ചു. എങ്കിലും, ഞങ്ങളുടെ സംഘം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് ധൃതഗതിയിൽ നീങ്ങിക്കൊണ്ടിരുന്നപ്പോൾ, ആ പുരാതന നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ സമയമെടുത്ത് നടന്നു കാണുന്നതിന് ഒരു ദിവസം മുഴുവൻ ലഭിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ പലപ്പോഴും ആഗ്രഹിച്ചു. ഞങ്ങളോട് പറഞ്ഞു തരികയായിരുന്ന വിവരങ്ങളെക്കുറിച്ചും അപ്പൊസ്തലൻമാരെക്കുറിച്ചു തന്നെയും ഞങ്ങൾ നടക്കുന്ന തെരുവുകളിലൂടെ നടന്നിട്ടുള്ള ആദ്യ കാല ക്രിസ്തീയ വിശ്വാസികളെക്കുറിച്ചുമുള്ള ചിന്തകളിൽ ഗാഢമായി അലിയുന്നതിന് വേണ്ട മയത്തിനായി ഞാൻ കൊതിച്ചു.

ദൈവം നമുക്ക് നൽകിയിട്ടുള്ള ഒരു പൗരാണിക കൈയെഴുത്ത് കൃതിയിലൂടെയുള്ള ഒരു യാത്രയായിരിക്കും നമ്മുടെ റോമാ ലേഖന പഠനം. നിങ്ങളുടെ യാത്രയിലെ വഴികാട്ടി എന്ന നിലയിൽ, “താൽപര്യമുണർത്തുന്ന സ്ഥലങ്ങ”– ളെക്കുറിച്ച് ഞാൻ അഭിപ്രായ പ്രകടനങ്ങൾ നടത്തും. ഈ യാത്ര കഴിവതും ആസ്വാദ്യകരവും ക്ലേശരഹിതവും ആക്കിത്തീർക്കുന്നതിന് ശ്രമിക്കും. കടന്നു പോകുന്ന വഴി യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതും കുത്തനെ യുള്ളതുമായി തീരുമ്പോൾ, കയറിപ്പോകുന്നതിന് ഞാൻ നിങ്ങളെ സഹായിക്കും. അതേ സമയം തന്നെ നിങ്ങൾ തനിച്ച് നിങ്ങളുടെ തന്നെ വ്യക്തിപ രമായ യാത്രയും നടത്തേണ്ടതുണ്ട്. എന്റെ അഭിപ്രായങ്ങൾ വായിക്കുന്നതിന് മുൻപ് നിങ്ങൾ സ്വയം വചന ഭാഗങ്ങൾ വായിക്കുക – നിരവധി പ്രാവശ്യം. അതിനെക്കുറിച്ച് ചിന്തിക്കുക; അതിനെക്കുറിച്ച് പ്രാർത്ഥിക്കുക. സ്വയം ചോദിക്കുക, “ഈ കത്ത് യഥാർത്ഥത്തിൽ എഴുതപ്പെട്ടത് ആർക്കായിരുന്നുവോ അവരോട് പൗലൊസ് എന്താണ് പറയുന്നത്?” അതിന് ശേഷം ചോദിക്കുക, “ഈ വാക്യങ്ങളിലൂടെ ദൈവം എന്നോട് എന്താണ് പറയുന്നത്?”

നാം ഒരുമിച്ച് നടത്തുന്ന ഈ യാത്രയ്ക്കായി നമ്മുടെ മനസ്സുകളെ തയ്യാറാക്കുന്നതിനായി ഇനിയും ഒട്ടേറെ കാര്യങ്ങൾ പറയുന്നതിന് കഴിയും, എന്നാൽ മുഖവുരയിൽ നൽകിയിട്ടുള്ള വിവരങ്ങൾ തൽക്കാലം പര്യാപ്തമാണ്. ഇനി, ഞാൻ നിർദ്ദേശിച്ച പോലെ നിങ്ങൾക്ക് വചന ഭാഗങ്ങൾ വായിക്കുന്നതിനുള്ള സമയമാണ്. നിങ്ങൾക്ക് സമയം ലഭിക്കുന്നുവെങ്കിൽ, ഒറ്റത്തവണയായി തന്നെ ഈ ലേഖനം വായിക്കുക – നിരവധി പ്രാവശ്യം.

വർഷങ്ങൾക്ക് മുൻപ്, ഞങ്ങളുടെ സഭയിലെ വിശ്വാസികൾക്ക് ആരാധനാ കൂട്ടായ്മകളിൽ പങ്കെടുക്കുന്നതിനായി ഗണ്യമായ ദൂരം യാത്ര ചെയ്യേണ്ടിയിരുന്നു. പ്രാർത്ഥനാ വേളയിൽ, ആത്മഭാരം ഉണ്ടായ വ്യക്തികൾ പതിവായി “യാത്രകൾ ക്കായുള്ള കരുണ”– യ്ക്കായി കർത്താവിനേ ാട് പ്രാർത്ഥിക്കു മായിരുന്നു: യാത്രയിലാ യിരുന്ന ഓരോ വിശ്വാസിയും വീട്ടിലേക്ക് സുരക്ഷിതമായി മടങ്ങുന്നതിന് ദൈവ ത്തിന്റെ കരുതലിനായി. റോമാ ലേഖനത്തിലൂടെയുള്ള ആവേശകരമായ – അതേ സമയം വെല്ലുവിളി

നിറഞ്ഞ – ഈ ആത്മീയ യാത്രയ്ക്ക് നാം തുടക്കം കുറിക്കു മ്പോൾ, നമുക്ക് കർത്താവിനോട് ''യാത്രകൾക്കായുള്ള കരുണ'' – യ്ക്കായി പ്രാർത്ഥിക്കാം.

''ആയിരക്കണക്കിന് മൈലുകളുടെ ദൂരം നീളുന്ന ഒരു യാത്ര, തുടങ്ങേണ്ടത് ഒരു ചുവടിൽ നിന്നാണ്''[34] എന്ന് പറഞ്ഞിട്ടുണ്ട്. ഒന്നാം അദ്ധ്യായത്തിൽ നാം ആദ്യ ചുവടു വെക്കുകയാണ്.

**ഒരു പ്രത്യേക കുറിപ്പ്**

അബിലിൻ ക്രിസ്ത്യൻ കോളേജിൽ (ഇത് ഇന്ന് ഒരു യൂണിവേഴ്സിറ്റി ആണ്) എനിക്ക് പ്രിയങ്കരമായ ക്ലാസുകളിലൊന്ന് ജെ. ഡി. തോമസ് നയിച്ചിരുന്ന ''റോമർ'' ആയിരുന്നു. പല വർഷങ്ങളായി, ഞാൻ റോമാ ലേഖനം ആധാരമാക്കിയുള്ള നിര വധി ക്ലാസുകൾ എടുത്തിട്ടുണ്ട്. ഇതിൽ ഓസ്ട്രേലിയായിലെ മാക്വെറി സ്കൂൾ ഓഫ് പ്രീച്ചിംഗിൽ ഞാൻ ചെലവിട്ട എന്റെ പത്ത് വർഷങ്ങളിൽ ഞാൻ പഠിപ്പിച്ചവയും ഉൾപ്പെടുന്നു. എങ്കിൽത്തന്നെയും, ഈ ലേഖനത്തിന്റെ വിശാലതയും ആഴവും എപ്പോഴും എന്റെ മുൻപിൽ ഒരു വൻ വെല്ലുവിളിയായി ഉയർന്നിട്ടുണ്ട്.

ഗ്ലെൻ പേസ് ഒരു ബൈബിൾ അദ്ധ്യാപകനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ അദ്ധ്യാപകൻ ബോർഡിൽ വലിയൊരു വൃത്തം വരക്കുകയും അതിന് "ദൈവ ത്തിന്റെ സ്വഭാവം" എന്ന തലക്കെട്ട് നൽകുകയും ചെയ്യുമായിരുന്നു. ഈ പ്രൊഫസർ പിന്നീട് ആ വലിയ വൃത്തത്തിനുള്ളിൽ ചെറിയൊരു വൃത്തം അടയാളപ്പെടു ത്തുകയും ''ഞാൻ മനസ്സിലാക്കുന്നത് ഇത്ര മാത്രമാണ്" എന്ന് വിദ്യാർത്ഥികളോട് പറയുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ഒരു വിദ്യാർത്ഥി അഭിപ്രായ പ്പെട്ടു, ''ഓരോ പ്രാവശ്യവും താങ്കൾ ഈ ചിത്രീകരണം ഉപയോഗിക്കുമ്പോൾ ചെറിയ വൃത്തത്തിന്റെ വലിപ്പം കുറഞ്ഞു വരുന്നതായാണ് ഞാൻ കാണുന്നത്."[35] ആ അദ്ധ്യാപകന്റെ അപ്പോഴത്തെ മനോവികാരം എനിക്ക് മനസ്സിലാകും. ഞാൻ റോമാ ലേഖനം കൂടുതൽ പഠിക്കുന്തോറും, എനിക്ക് അറിയാവുന്നത് അൽപ്പം മാത്രമാണ് എന്നുള്ള കൂടുതൽ ബോദ്ധ്യം എനിക്കുണ്ടാകുന്നു.

**ഉപദേഷ്ടാക്കൻമാർക്കും പ്രസംഗകർക്കുമുള്ള ഒരു കുറിപ്പ്**

നിങ്ങൾ റോമാ ലേഖനം ആധാരമാക്കിയുള്ള ഒരു ക്ലാസ് എടുക്കുകയാണെങ്കിൽ, മുഖവുരയായുള്ള ഒരു പാഠഭാഗം ഉൾപ്പെടുത്തുന്നതിന് നിങ്ങൾ ഒരു പക്ഷേ ആഗ്രഹിച്ചേക്കാം. എന്നാൽ, റോമാ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പ്രസംഗിക്കുകയാണെങ്കിൽ, ഒന്നാം അദ്ധ്യായത്തിൽ നിന്ന് നിങ്ങളുടെ പ്രസംഗ പരമ്പര ആരംഭിക്കുന്നത ിനായിരിക്കും നിങ്ങൾ മുൻഗണന നൽകുക. റോമാ ലേഖനം ആധാരമ ാക്കിയുള്ള പഠനങ്ങൾ പൗലൊസിന്റെ ജീവിതം, ദൈവരാജ്യ സേവ, അദ്ദേഹത്തിന്റെ വ്യക്തി വൈശിഷ്ട്യം എന്നിവയുടെ പൊതു നിരീക്ഷണ ത്തോടെയാണ് ആരംഭിക്കുന്നത്. നിങ്ങളുടെ കേൾവിക്കാർക്ക് പൗലൊസ് അപ്പൊസ്തലൻ പരിചിതനല്ലെങ്കിൽ, അത്തരം ഒരു പൊതു നിരീക്ഷണ ത്തോടെ നിങ്ങളുടെ പ്രസംഗം ആരംഭിക്കുന്നതിന് നിങ്ങൾക്ക് താൽപ്പര്യമു ണ്ടായേക്കാം.

മുഖ്യമായ മൂന്ന് ഉപയോഗങ്ങൾ മുൻനിർത്തിയാണ് ഈ കമന്ററി എഴുതിയിട്ടുള്ളത്. റോമാ ലേഖനം ആധാരമാക്കി പ്രസംഗങ്ങൾ തയ്യാറാക്കു ന്നവർക്കും ക്ലാസുകളിൽ റോമർ പഠിപ്പിക്കുന്ന മറ്റുള്ളവർക്കും വ്യക്തിപ

രമായ ആത്മീയ ഉന്നതിക്കായി കമന്ററി പഠന വിധേയമാക്കുന്നവർക്കും.

റോമാ ലേഖനം ആധാരമാക്കി പ്രസംഗിക്കുന്നവർക്ക് സഹായകമായി, വാക്യം വാക്യമായുള്ള പഠനത്തിന് പകരം ഉപയോഗപ്പെടുത്തുവാൻ, പ്രസംഗകർക്കുള്ള ആശയങ്ങൾ പ്രയോഗ വിഭാഗങ്ങളിൽ നൽകിയിട്ടുണ്ട് പ്രസംഗത്തിന് അനുയോജ്യമായവയിൽ കൂടുതൽ വിവരങ്ങൾ കമന്റുകളിൽ ഉൾപ്പെടുന്നുണ്ട്. നിങ്ങൾക്ക് ആവശ്യമുള്ളവ മാത്രം തിരഞ്ഞെടുക്കുക.

ഒരു ക്ലാസിൽ റോമർ പഠിപ്പിക്കുന്നവർക്ക് സഹായകമായി, എല്ലാ വചനഭാഗങ്ങളും ഉൾക്കൊള്ളിക്കുന്നതിനും ചോദിക്കപ്പെടാവുന്ന ചോദ്യങ്ങൾ മുൻകൂട്ടിക്കാണുന്നതിനും ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ചില വിവരങ്ങൾ നിങ്ങൾക്ക് വേണ്ടി മാത്രമുള്ളതാണെന്നും നിങ്ങളുടെ വിദ്യാർത്ഥി കൾക്കുള്ളതല്ലെന്നും ദയവായി മനസ്സിലാക്കേണ്ടതുണ്ട്. ഉദാഹരണമായി, നിങ്ങളുടെ ക്ലാസിൽ ഭൂരിഭാഗം പഠിതാൾക്കും ഗ്രീക്ക് പദങ്ങൾ അറിയുന്നതിന് ഉൽസുകത കണ്ടേക്കില്ല.

നിങ്ങളുടെ ആത്മികാഭിവൃദ്ധിക്കായി ഈ പാഠങ്ങൾ നിങ്ങൾ പഠന വിധേയമാക്കുന്നുവെങ്കിൽ, ഈ പുസ്തകത്തിലുള്ളതെല്ലാം നിങ്ങൾക്ക് വേണ്ടിയുള്ളതാണ്. ഒരു മുന്നറിയിപ്പ്: നിങ്ങൾ വായിക്കുന്നതെല്ലാം വേദ പുസ്തകവുമായി താരമത്യം ചെയ്യുക. അത് ദൈവ വചനത്തിന് അനുസൃത മാണെങ്കിൽ, സ്വീകരിക്കുക. അത് വചനത്തിന് വിരുദ്ധമാണെങ്കിൽ അപ്പാടെ തള്ളിക്കളയുക.

---

കുറിപ്പുകൾ

[1]Charles Hodge, *Commentary on the Epistle to the Romans* (Princeton, N.J.: N.p., 1886; reprint, Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1968), 9. [2]Philo *On the Embassy to Gaius* 155. The district to the west of the Tiber River where the Jews lived is known as Trastevere ("beyond the Tiber"). [3]D. D. Whedon, *Commentary on the New Testament, Vol. III, Acts—Romans* (New York: Hunt & Eaton, 1892), 285. Suetonius wrote, "Since the Jews constantly made disturbances at the instigation of Chrestus, [the emperor Claudius] expelled them from Rome" (Seutonius *Life of Claudius* 25.4; see Acts 18:2). [4]See James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 355–57. [5]Both Romans and 1 Corinthians have sixteen chapters, but Romans is longer. Leon Morris said that "Romans is [Paul's] longest letter, with about 7,100 words" (Leon Morris, *The Epistle to the Romans* [Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988], 2). [6]Dave Miller, "The Meaning of Romans (1)," sermon presented on the *Truth in Love* television program, Fort Worth, Texas, 2 January 2002. [7]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 19. [8]Scholars use the term *kerygma*, a transliteration of the Greek word κήρυγμα, meaning "that which is preached" or "message." Regarding the phrase "first principles," see Hebrews 5:12 (KJV). [9]Charles R. Swindoll, *Coming to Terms with Sin: A Study of Romans 1—5* (Anaheim, Calif.: Insight for Living, 1999), 6. [10]Little mention is made of other key topics, such as the church and expressions of public worship.

[11]Merrill C. Tenney, *New Testament Survey*, rev. Walter M. Dunnett (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 305. [12]Moses E. Lard, *Commentary on Paul's Letter to Romans* (Lexington, Ky.: N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.), xx. [13]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 3. [14]Quoted in J. D. Thomas, Class Notes, *Romans*, Abilene Christian College (1955). [15]Samuel Taylor Coleridge, *Table Talk*, arr. and ed. T. Ashe (London: George Bell and Sons, 1896), 228. [16]Thomas, Class Notes. [17]Tenney, 306. [18]Edward Fudge, *Romans*, New Testament Helps (Athens, Ala.: C.E.I. Publishing Co., 1970), 12. [19]James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation

Publishing House, 1973), vi. [20]Moo, 20.

[21]Anders Nygren, *Commentary on Romans* (Philadelphia: Fortress Press, 1949), 2. [22]John R. W. Stott, *Men Made New: An Exposition of Romans 5—8* (Downers Grove, Ill.: Inter-Varsity Press, 1966), 9. [23]Chrysostom *Homilies on Romans* Argument. [24]Henry H. Halley, *Halley's Bible Handbook*, rev. ed. (Chicago: Henry H. Halley, 1955), 522. [25]Eugene H. Peterson, *The Message: New Testament with Psalms and Proverbs* (Colorado Springs, Colo.: NavPress Publishing Group, 1995), 359. [26]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 2. [27]Prentice Meador, Jr., "When in Rome," sermon preached at Prestoncrest church of Christ, Dallas, Texas, 1 October, 2000. [28]Quoted in Thomas, *Romans*, 3. [29]This obedience involves hearing the gospel (10:17), believing and confessing that Jesus is the risen Lord (10:9, 10), repenting of sin (2:4), and being baptized (6:3–6). [30]Dale Hartman, class taught at Eastside church of Christ, Midwest City, Oklahoma, 11 January 2004.

[31]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 16. [32]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 5. [33]Many outlines of Romans revolve around the word "righteousness." This one is based on an outline by Warren W. Wiersbe, *Wiersbe's Expository Outlines on the New Testament* (Wheaton, Ill.: Victor Books, 1992), 359. [34]Lao-tzu (c. 604–c. 531 B.C.), *The Way of Lao-tzu*, quoted in John Bartlett, *Bartlett's Familiar Quotations*, 16th ed., ed. Justin Kaplan (Boston: Little, Brown, and Co., 1992), 57. [35]Glen Pace, sermon preached at Judsonia church of Christ, Judsonia, Arkansas, n.d.